www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 01 | 2017 JANUARY 14 | ₹ 10

# UAPA

## കുറുവടിയേന്തിയ രാജ്യദ്രോഹ നിയമം



അഭിമുഖം: എം. ജി. എസ് നാരായണൻ

മതം നിർഭയത്വമാണ് ■ എടുക്കാത്ത കറൻസി

ചരിത്രത്തിന്റെ പുനർനിർമിതി നൽകുന്ന അപായസൂചനകൾ

To the right goal...
through the right path...

# 2017
# MARCH 10, 11, 12
# PALAKKAD

# PROFCON

21st PROFESSIONAL STUDENTS' GLOBAL CONFERENCE

msmkerala@gmail.com
www.msmkerala.co.in
msmprofcon

WISDOM | MSM KERALA | EMPOWER campus chapter | Anti-terrorism Awakening

# നേർപഥം

വാരിക

0001 / 2017 ജനുവരി 14 / 1438 റബിഉൽ ആഖിർ 15 / പുസ്തകം 01 / ലക്കം 01




10 പി.വി.എ പ്രിംറോസ്

## കുറുവടിയേന്തിയ രാജ്യദ്രോഹ നിയമം

UAPA


**മുഖമൊഴി**

വിചാര വിനിമയത്തിന്റെ അക്ഷര ലോകം / 05
പി. എൻ. അബ്ദുല്ലത്വീഫ് മദനി

**സന്ദേശം**

പിണറായി വിജയൻ (മുഖ്യമന്ത്രി, കേരള), രമേശ് ചെന്നിത്തല (പ്രതിപക്ഷ നേതാവ്)
പി. ശ്രീരാമകൃഷ്ണൻ (സ്പീക്കർ), ഇ.ടി മുഹമ്മദ് ബഷീർ (മെമ്പർ ഓഫ് പാർലമെന്റ്)

**അഭിമുഖം**

മുസ്‌ലിം തീവ്രവാദികൾ ഇസ്‌ലാമിനെ കളങ്കപ്പെടുത്തുന്നവർ / 08
എം.ജി.എസ് നാരായണൻ / റസ്സം ഉസ്മാൻ

**ലേഖനങ്ങൾ**

ചരിത്രത്തിന്റെ പുനർനിർമിതി നൽകുന്ന അപായസൂചനകൾ / 22
എസ്.എ

മതം നിർഭയത്വമാണ് / 26
ഉസ്മാൻ പാലക്കാഴി

സമയത്തിന്റെ വിലയറിഞ്ഞ് ജീവിക്കുക / 17
നാസിർ ബാലുശ്ശേരി

ഭീകരവേട്ടയും മതസ്വാതന്ത്ര്യവും / 32
ഡോ. സി.എം സാബിർ നവാസ്

എടുക്കാത്ത കറൻസി / 33
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**നേർവിചാരം**

ജനങ്ങൾക്ക് 'നേർപഥം' കാണിക്കുക / 04
കരുവള്ളി മുഹമ്മദ് മൗലവി

ആദർശ ജീവിതത്തിന്റെ അനിവാര്യത / 06
ഹുസൈൻ സലഫി, ഷാർജ

എന്തുകൊണ്ട് നേർപഥം? / 20
ടി.കെ.അശ്‌റഫ്

**ശാന്തിഗേഹം**

ഫാമിലി കൗൺസിലിംഗ് / 16
പ്രൊഫ: ഹാരിസ് ബിൻ സലീം

**ബാലപഥം**

മാലിന്യങ്ങൾ എന്തു ചെയ്യും? / 18
അബൂഫായിദ

**പാരന്റിംഗ്**

ഇസ്‌ലാമിക് പാരന്റിംഗ് / 30
അഷ്‌റഫ് എകരൂൽ

**കവിത**

ഏത്? / 34
മുഫീദ് പാലക്കാഴി



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Chief Editor: Usman Palakkazhi
Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
mail@nerpatham.com I www.nerpatham.com

# ജനങ്ങൾക്ക് 'നേർപഥം' കാണിക്കുക

**കരുവള്ളി മുഹമ്മദ് മൗലവി**
mail@nerpatham.com

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇരുട്ടറകളിൽ കഴിഞ്ഞിരുന്ന കേരളീയ മുസ്‌ലിം സമൂഹത്തിൽ നവോത്ഥാനത്തിന്റെ വെളിച്ചം വിതറിയത് ഇസ്‌ലാഹി പ്രസ്ഥാനമാണ്.

അന്ന് സ്ത്രീകൾക്ക് അടുക്കള മാത്രമായിരുന്നു ലോകം. ഇംഗ്ലീഷിനെ നരകത്തിലെ ഭാഷയായി പുരോഹിതന്മാർ മുദ്രകുത്തി. മലയാളം നായന്മാരുടെ ഭാഷയായി തള്ളപ്പെട്ടു. പെൺകുട്ടികൾക്ക് എഴുത്തും വായനയും നിഷിദ്ധമാക്കി. ഓത്തുപലകകളിൽ എഴുതിക്കൊടുക്കുന്ന ചുരുക്കം കാര്യങ്ങൾ മാത്രമായിരുന്നു അവർക്കുള്ള മതപഠനം.

അല്ലാഹുവിനെ മാത്രം വിളിച്ച് പ്രാർഥിക്കുന്ന സ്വഭാവം അവർക്ക് പഠിപ്പിക്കപ്പെട്ടിട്ടില്ലായിരുന്നു. അല്ലാഹുവിനോട് നേരിട്ട് പ്രാർഥിച്ചാൽ ഉത്തരം ലഭിക്കുകയില്ലെന്നും മഹാന്മാരെ ഇടയാളന്മാരാക്കിയുള്ള പ്രാർഥനകൾക്ക് മാത്രമെ ഉത്തരം ലഭിക്കുകയുള്ളൂവെന്നുമായിരുന്നു പുരോഹിതൻമാർ അജ്ഞരായ മുസ്‌ലിം സമൂഹത്തെ പഠിപ്പിച്ചിരുന്നത്. ജനങ്ങൾ ശിർക്കിലേക്ക് നീങ്ങുന്നത് അവർക്ക് പ്രശ്നമായിരുന്നില്ല.

വിശ്വാസം, കർമം, ആചാരങ്ങൾ തുടങ്ങിയ മനുഷ്യജീവിതത്തിന്റെ നിഖിലമേഖലകളും ഇസ്‌ലാമിന്റെ മഹത്തായ പാതയിൽനിന്നും അകറ്റപ്പെട്ട് അരക്ഷിതാവസ്ഥ നേരിടുകയായിരുന്നു നൂറ് വർഷങ്ങൾക്കപ്പുറമുള്ള കേരളീയ മുസ്‌ലിം സമൂഹം എന്നർഥം. ഈ അവസ്ഥയിൽ നിന്നുമുള്ള സമൂഹത്തിന്റെ മോചനത്തിന്നായി ചില ശബ്ദങ്ങളുയർന്നു.

മലയാളക്കരയിൽ നവോത്ഥാന സംരംഭങ്ങളുടെ മുന്നിൽ നടന്ന മഹാനായ സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ. വിഖ്യാതമായ 'സ്വദേശാഭിമാനി' പത്രത്തിന്റെ സ്ഥാപകൻ എന്ന നിലയിൽ പ്രസിദ്ധനായ വക്കംമൗലവി, സമുദായത്തിനും പ്രസ്ഥാനത്തിനും വേണ്ടി എണ്ണിത്തിട്ടപ്പെടുത്താനാവാത്ത സേവനങ്ങൾ ചെയ്ത കെ.എം.മൗലവി... ഇങ്ങനെ ഒരുപാട് പണ്ഡിതന്മാരുടെ കഠിന പരിശ്രമഫലമായാണ് കേരള മുസ്‌ലിംകൾക്കിടയിൽ ഇന്ന് കാണുന്ന മാറ്റമുണ്ടായത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ കത്തിച്ചുവെച്ച കൈത്തിരി കെടാതെ സൂക്ഷിക്കുന്ന ഒരു കൂട്ടായ്മ മലയാള മണ്ണിൽ നിലനിന്നു കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. പ്രമാണങ്ങളോടുള്ള അവരുടെ പ്രതിബദ്ധത നിങ്ങളും കാത്തുസൂക്ഷിക്കുന്നു എന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. സംഘടനയുടെ പേരിലല്ല ആദർശത്തിലാണ് ഐക്യപ്പെടേണ്ടത് എന്ന നിങ്ങളുടെ നിലപാടാണ് ശരി എന്ന് കാലം തെളിയിക്കാതിരിക്കില്ല.

വിസ്ഡം കൂട്ടായ്മ 'നേർപഥം' എന്ന പേരിൽ ഒരു വാരിക പുറത്തിറക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. വക്കം മൗലവിയുടെയും മക്തി തങ്ങളുടെയുമൊക്കെ പാരമ്പര്യം മുറുകെപ്പിടിച്ച് പേനയെ ആയുധമാക്കി പ്രബോധന പ്രവർത്തനങ്ങളിൽ സജീവസാന്നിധ്യമാകാനും പേരുപോലെത്തന്നെ ജനങ്ങൾക്ക് നേർവഴി കാട്ടിക്കൊടുക്കാനും 'നേർപഥ'ത്തിന് കഴിയുമാറാകട്ടെ.

അന്ധവിശ്വാസ-അനാചാര മുക്തമായ മുസ്‌ലിംകേരളത്തെ പടുത്തുയർത്താൻ ക്വുർആനും സുന്നത്തും സലഫുകളുടെ മാതൃകയും സ്വീകരിച്ച് പോരാടുക. എതിർപ്പുകളെ സഹിഷ്ണുതയോടെ നേരിടുക. ഗുണകാക്ഷ കൈവിടാതിരിക്കുക. സർവശക്തൻ അനുഗ്രഹിക്കട്ടെ-ആമീൻ

മുഖമൊഴി

# വിചാര വിനിമയത്തിന്റെ അക്ഷര ലോകം

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com




അച്ചടിച്ചിറങ്ങുന്ന പത്രികകൾക്കിടയിലേക്ക് ഒരു നവാഗതൻ കടന്നുവരുന്നു; 'നേർപഥം' വാരിക. യാഥാർഥ്യങ്ങളെ തിരക്കിയിറങ്ങുന്നവർക്കുള്ള ഒരു തുരുത്ത്. ഇസ്‌ലാഹീ കേരളത്തിന്റെ ധർമ നിർവഹണത്തിൽ ഒരു ഊർജസ്വല പങ്കാളി.

ഗൗരവതരമായ വായന അന്യം നിൽക്കുന്ന ഒരാൾക്കൂട്ടത്തിലേക്ക് മഹിതമായ പ്രാമാണിക ലിഖിതങ്ങളുമായി വായനക്കാർക്ക് ഹൃദ്യമായ വിഭവങ്ങൾ ഒരുക്കി 'നേർപഥം' കടന്നുവരികയാണ്.

പെട്ടിക്കടകളിൽ തൂങ്ങിക്കിടക്കുന്ന മഷി പുരണ്ട അസംബന്ധങ്ങൾക്ക് പകരം ആർജവമുള്ള സത്യ സന്ദേശങ്ങൾ മാനവർക്കെത്തിക്കുകയെന്നതാണ് 'നേർപഥം' ലക്ഷ്യമാക്കുന്നത്.

ചുറ്റുപാടും വഴികേടിന്റെ വലകൾ കെട്ടി തമസ്സിന്റെ ഉപാസകർ യുവതയെ വേട്ടയാടുമ്പോൾ മനുഷ്യന്റെ സാമാന്യബോധത്തെ ബോധവൽക്കരിച്ച് നേർവഴി നടത്താൻ 'നേർപഥ'ത്തിനേ കഴിയൂ എന്ന ഉത്തമ ബോധ്യത്തിൽ നിന്നാണ് 'നേർപഥം' ഉയിരെടുത്തുത്.

നാടോടുമ്പോൾ നടുവേ ഓടുന്നവരുടേതല്ല 'നേർപഥം.' കാടടക്കി വെടിക്കുന്നവരുടേതുമല്ല. ഇഹപര വിജയത്തെ ലക്ഷ്യമാക്കി മനുഷ്യമനസ്സുകളിലേക്ക് ജ്ഞാനത്തിന്റെ പ്രഭ കോരിയിട്ടു കൊടുക്കാനാണ് ഈ ആഴ്ച വട്ടക്കാരൻ രംഗത്ത് വരുന്നത്.

ഒരു നൂറ്റാണ്ടോളം നീണ്ടുനിൽക്കുന്ന തൗഹീദീ പോരാട്ടത്തിന്റെ ധവള ചരിത്രം അടുത്ത തലമുറക്ക് പകർന്ന് കൊടുക്കാൻ നേർപഥത്തിനേ കഴിയൂ.

ആദർശവ്യതിയാനങ്ങൾ അലങ്കാരമായി കഴുത്തിലണിയുന്നവർ വഴിയിൽ വലിച്ചെറിയുന്ന പരമസത്യങ്ങളെ പെറുക്കിക്കൂട്ടി പൊടിതട്ടിയെടുത്ത് സമൂഹത്തിന് സമർപ്പിക്കാൻ 'നേർപഥം' പ്രതിജ്ഞാബദ്ധമാണ്.

വായിൽ വരുന്നതെല്ലാം വിളിച്ചു പറയുന്ന ചില ബുദ്ധിജീവി നാട്യക്കാർ ആദർശത്തിനും പ്രസ്ഥാനത്തിനും വരുത്തിവെക്കുന്ന പരിക്കുകളിൽ മരുന്ന് വെച്ച് കെട്ടുന്ന ചുമതലയും 'നേർപഥ'ത്തിന്നുണ്ട്.

ക്വുർആനും സുന്നത്തും സച്ചരിതരായ മുൻഗാമികൾ ഗ്രഹിച്ചതിനനുസരിച്ച് വളച്ച് കെട്ടില്ലാതെ പറയാൻ അരങ്ങൊരുക്കുകയാണ് 'നേർപഥം.'

ക്ഷണിക കാലം കൊണ്ട് മലയാളമണ്ണിൽ പ്രബോധന രംഗത്ത് അഭൂതപൂർവമായ മുന്നേറ്റത്തിന്ന് തേര് തെളിച്ച ഉത്സാഹഭരിതരായ ഒരു പടയണിയുടെ പണിപ്പുരയിലാണ് 'നേർപഥം' പിറവിയെടുക്കുന്നത്.

നൈമിഷിക ലാഭങ്ങളെ മുന്നിൽകണ്ട്, ഇസ്‌ലാഹി ആദർശത്തനിമയെ കയ്യൊഴിച്ചവരുടെ വൈരുധ്യങ്ങൾ ഇണചേർന്നു നിൽക്കുന്ന ദുരന്ത നാടകങ്ങൾ കണ്ട് നിരാശപ്പെടുന്ന ആദർശ സ്നേഹികൾക്ക് ആത്മവിശ്വാസത്തിന്റെ സന്ദേശമായിട്ടാണ് 'നേർപഥം' കടന്നു വരുന്നത്.

എല്ലാ വീട്ടിലും നേർപഥമെത്തണം. വിചാരവിനിമയങ്ങളുടെ ലോകത്ത് 'നേർപഥം' ഒരു വിസ്മയമാകണം. കുടിലിലും കൊട്ടാരത്തിലും ഇസ്‌ലാമിക മൂല്യങ്ങളുടെ ദൂതുമായി 'നേർപഥം' വിരാജിക്കണം.

പ്രപഞ്ചനാഥന്റെ തുണയുണ്ടെങ്കിൽ, അവനിൽ ഭരമേൽപിച്ച പ്രചാരകരുണ്ടെങ്കിൽ നേർപഥം അത്ഭുതം തീർക്കും.

ഹുസൈൻ സലഫി, ഷാർജ
hsalafi@yahoo.com

# ആദർശ ജീവിതത്തിന്റെ അനിവാര്യത

സത്യവിശ്വാസികൾ നിരന്തരം അല്ലാഹുവിനോട് തേടിക്കൊണ്ടിരിക്കുന്നു; ഞങ്ങളെ നീ നേർപഥത്തിൽ നയിക്കണേ എന്ന്.

ആര് വിചാരിച്ചാലും ഒരാളെയും നേർവഴിയിലാക്കാനാവില്ല; നേർവഴി കാണിച്ചു കൊടുക്കാനേ കഴിയൂ. അതിലേക്ക് ക്ഷണിക്കാനേ കഴിയൂ. നേർവഴിയിൽ ചേർക്കുന്നവൻ അല്ലാഹുവാണ്.

നേർവഴിയിൽ എത്തിക്കഴിഞ്ഞാൽ അത് നിലനിർത്താൻ നമ്മുടെ ഭാഗത്തുനിന്ന് കഴിയുന്നത്ര ത്യാഗ പരിശ്രമങ്ങൾ അനിവാര്യമാണ്.

'എല്ലാം അല്ലാഹുവിന്റെ വിധിപോലെ മാത്രമെ നടക്കുകയുള്ളൂ; പിന്നെ ഞാനെന്തിന് പരിശ്രമിക്കണം' എന്ന ന്യായം നിരത്തി ആ പരിശ്രമത്തിൽ നിന്ന് അകന്നുപോകുന്നവരെ നമുക്ക് കാണാം. എന്നാൽ അല്ലാഹു ഇക്കാര്യം മാത്രമല്ലല്ലോ അവന്റെ ഉദ്ദേശ്യത്തിൽ ബന്ധിപ്പിച്ചത്. പ്രത്യുത ആരോഗ്യം, ജീവിതവിഭവങ്ങൾ കരസ്ഥമാക്കൽ തുടങ്ങി എല്ലാം അവന്റെ ഉദ്ദേശ്യവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. എങ്കിൽ ഈ ന്യായം പറഞ്ഞ് അഥവാ എല്ലാം വിധിപോലെയല്ലേ വരൂ എന്നു പറഞ്ഞ് ആരോഗ്യപരിപാലനവും ജീവിതവിഭവ സമാഹരണത്തിനായിട്ടുള്ള നെട്ടോട്ടങ്ങളുമൊന്നും ആരും അവസാനിപ്പിക്കാറില്ല താനും!

ബുദ്ധിയുള്ളവർ എല്ലാ രംഗത്തും തങ്ങളുടെതായ പരിശ്രമം നടത്തിക്കൊണ്ടേയിരിക്കും. നേർമാർഗത്തിൽ അടിയുറച്ച് നിൽക്കുവാനും ഈ ത്യാഗപരിശ്രമങ്ങൾ കൂടിയേ തീരൂ.

'സ്വിറാതുൽ മുസ്തകീ(നേർമാർഗം)മിൽ നിന്ന് വ്യതിചലിപ്പിക്കുവാൻ നാനാവിധ പരിശ്രമങ്ങളുമായി മനുഷ്യന്റെ മുഖ്യശത്രു സജീവമാണ്.

'നിന്റെ നേരായ പാതയിൽ അവർ പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും, പിന്നീട് അവരുടെ വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുകതന്നെ ചെയ്യും, അവരിൽ അധിക പേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുകയയില്ല' (അഅ്റാഫ് 16,17) എന്നു പറഞ്ഞുകൊണ്ട് തന്റെ നികൃഷ്ട പ്രവർത്തനം തുടങ്ങിയ ഇബ്ലീസ് മനുഷ്യരെ നേർമാർഗത്തിൽനിന്ന് തെറ്റിക്കാൻ ജാഗരൂകനാണ്.

നാനാവിധ കുഴപ്പങ്ങൾ വർധിതമായ തോതിൽ ലോകത്ത് മുളപൊട്ടിക്കൊണ്ടേയിരിക്കുകയാണ്. ശാസ്ത്ര-സാങ്കേതിക രംഗത്തെ നേട്ടങ്ങളെ ഉപയോഗിച്ചുകൊണ്ട് നടമാടുന്ന അധർമങ്ങളും കുഴപ്പങ്ങളും മാനവതയെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. ഭൗതിക ലോകത്തിലെ ആസ്വാദനങ്ങൾക്കു വേണ്ടി എന്ത് ചെയ്യാനും മനുഷ്യൻ മടിക്കുന്നില്ല.

പ്രഭാതത്തിൽ വിശ്വാസിയായ മനുഷ്യൻ വൈകുന്നേരമാകുമ്പോൾ സത്യനിഷേധിയും വൈകുന്നേരം സത്യനിഷേധിയായവൻ പ്രഭാതത്തിൽ വിശ്വാസിയുമാകുന്ന; ഇഹലോകത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി മതത്തെ വിൽപന നടത്തുകയും ചെയ്യുന്ന കുഴപ്പം നിറഞ്ഞ അവസ്ഥ വരുമെന്ന നബിﷺയുടെ മുന്നറിയിപ്പ് പുലർന്നുകൊണ്ടിരിക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്!

എങ്ങോട്ടു നീങ്ങുമെന്നറിയാനാവാത്തവിധം കട്ടപിടിച്ച ഇരുൾമുറ്റിയ കുഴപ്പങ്ങൾ! ആദർശ രംഗത്ത് അങ്കലാപ്പുളവാക്കുകയും ധാർമികരംഗത്ത് കാലിടറി വീണുപോകാൻ നിമിത്തമാവുകയും ചെയ്യും വിധം കുഴപ്പങ്ങളും പരീക്ഷണങ്ങളും പടരുന്ന കാലം!

പ്രഭാതത്തിൽ വിശ്വാസി. പക്ഷേ, മനസ്സ് പതറുന്നു. പ്രദോഷത്തിൽ അവിശ്വാസിയായി മാറുന്നു! ഭൗതിക നേട്ടങ്ങൾക്കായി അമൂല്യമായ ആദർശം അടിയറവെക്കുന്നു; വിൽപന നടത്തുന്നു!

ഇത്തരം പ്രതിസന്ധികളിൽ കാലിടറാതെ നേർമാർഗത്തിൽ അടിയുറച്ച് നിൽക്കുവാൻ ദിശാബോധം നൽകുന്ന വിളക്കുമാടങ്ങൾ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അസത്യങ്ങൾ സത്യങ്ങളായും സത്യങ്ങൾ അസത്യങ്ങളായും ചിത്രീകരിക്കപ്പെടുകയും ജനപ്രീതിയും ഭൗതികതയും മേൽക്കൈ നേടുകയും ചെയ്യുന്നു!

അകക്കാമ്പ് തിരിച്ചറിയാത്തവർ ബാഹ്യ മോടികളിൽ ആകൃഷ്ടരാകുന്നു. യാഥാർഥ്യത്തിലേക്ക് ക്ഷണിക്കുന്നവർ പിന്തിരിപ്പന്മാരും ഭിന്നതയുടെ വക്താക്കളുമായി മുദ്രകുത്തപ്പെടുന്നു. ഈ പ്രതിസന്ധികളാകുന്ന കുഴപ്പങ്ങൾ ഫണം വിടർത്തിയാടുമ്പോൾ വിശ്വാസികൾക്ക് വിശ്രമിക്കാനാവില്ല. ധനവും നാവും തൂലികയും പടവാളാക്കി പ്രതിരോധിക്കുക തന്നെ വേണം. നേർപഥത്തിന് ഒട്ടേറെ ചെയ്തു തീർക്കാനുണ്ട്. സമൂഹത്തിന് ആദർശ രംഗത്ത് ശക്തമായ തിരിച്ചറിവ് പ്രദാനം ചെയ്തുകൊണ്ട് മുന്നേറേണ്ടതുണ്ട്. ആർക്ക് എത്ര അസഹനീയമായാലും, എത്ര അരോചകമായാലും. നാഥൻ അനുഗ്രഹിക്കുമാറാകട്ടെ.

കോഴിക്കോട് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ 'നേർപഥം' എന്ന പേരിലൊരു വാരിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.
എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ (മുഖ്യമന്ത്രി)





കേരളത്തിൽ മത-സാമൂഹിക-വിദ്യഭ്യാസ രംഗങ്ങളിൽ സജീവ സാന്നിധ്യമായ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ മുഖപത്രമായി നേർപഥം എന്ന പേരിൽ ഒരു വാരിക പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷം. മലയാളത്തിലെ ഏറ്റവും മികച്ച പ്രസിദ്ധീകരണങ്ങളുടെ പട്ടികയിൽ 'നേർപഥം' ഇടം പിടിക്കട്ടെ എന്ന് ആശംസിക്കുന്നു.

രമേശ് ചെന്നിത്തല (പ്രതിപക്ഷ നേതാവ്)

'നേർപഥം' എന്ന പേരിൽ 'വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ' ഒരു വാരിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വിവരവിനിമയ വിപ്ലവം പ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിൽ വൻ വർധനവുണ്ടാക്കിയിട്ടുണ്ടെങ്കിലും നിലവാരമുള്ള വായനാനുഭവം പ്രദാനം ചെയ്യാൻ അവയ്ക്ക് കഴിയുന്നുണ്ടോ എന്ന കാര്യം സംശയമാണ്. അനേകം വാരികകൾക്കിടയിൽ ഒന്ന് കൂടി എന്നതിലപ്പുറം മൂല്യബോധവും ലക്ഷ്യബോധവും രാജ്യസ്നേഹവുമുള്ള തലമുറയെ വാർത്തെടുക്കാൻ 'നേർപഥ'ത്തിന് കഴിയട്ടെ എന്നാശംസിക്കുന്നു.

പി ശ്രീരാമ കൃഷ്ണൻ (സ്പീക്കർ)





വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ചിട്ടയായ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. ആദർശ രംഗത്ത് അടുയുറച്ചുനിന്നുകൊണ്ട് സംഘടന ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും വിദ്യാഭ്യാസരംഗത്തെ ദീർഘവീക്ഷണത്തോടെയുള്ള നീക്കങ്ങളും ഏറെ ശ്ലാഘനീയമാണ്. പ്രവർത്തനങ്ങളുടെ ഭാഗമായി 'നേർപഥം' എന്ന വാരിക പുറത്തിറക്കാൻ തീരുമാനിച്ചു എന്നറിഞ്ഞതിൽ വലിയ സന്തോഷം. സമൂഹവും രാജ്യവും എന്ത് ആഗ്രഹിക്കുന്നുവോ അത് നൽകാൻ 'നേർപഥ'ത്തിന് കഴിയുമാറാകട്ടെ എന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

സത്യമേവ ജയതേ

ഇ.ടി മുഹമ്മദ് ബഷീർ (മെമ്പർ ഓഫ് പാർലമെന്റ്)

# മുസ്‌ലിം തീവ്രവാദികൾ ഇസ്‌ലാമിനെ കളങ്കപ്പെടുത്തുന്നവർ

**എം.ജി.എസ് നാരായണൻ / റസ്റ്റം ഉസ്മാൻ**
mail@nerpatham.com

മലയാളത്തിന്റെ പ്രിയപ്പെട്ട ചരിത്രകാരൻ എം.ജി.എസ് നാരായണനുമായി റസ്റ്റം ഉസ്മാൻ നടത്തിയ അഭിമുഖത്തിൽ നിന്ന്... ഇസ്‌ലാം വരുത്തിയ മാറ്റങ്ങൾ, കേരള മുസ്‌ലിം നവോത്ഥാനം, തീവ്രവാദം... തുടങ്ങിയവയെക്കുറിച്ച് അദ്ദേഹം നടത്തിയ ഹ്രസ്വമായ വിലയിരുത്തലുകൾ.

*കേരള മുസ്‌ലിംകൾക്കിടയിൽ നവോത്ഥാന സംരംഭങ്ങൾ തുടങ്ങുന്നതിനു മുമ്പ് ഇംഗ്ലീഷ് പഠനത്തിനെതിരെ മതനേതൃത്വം രംഗത്തുവന്നിരുന്നതിനെ എങ്ങനെ വീക്ഷിക്കുന്നു?*

സൈനുദ്ദീൻ മഖ്ദൂമിനെ പോലുള്ള പതിനാറാം നൂറ്റാണ്ടിലെ ചിന്തകന്മാർ മതങ്ങൾ തമ്മിൽ പരസ്പര വെരുധ്യം കണ്ടിരുന്നില്ല. തുഹ്ഫതുൽ മുജാഹിദീനിൽ വിദേശികളായ, അക്രമികളായ പറങ്കികൾക്കെതിരായി സാമൂതിരിപ്പാടിന്റെയും ഹിന്ദുക്കളുടെയും നേതൃത്വത്തിൽ മുസ്‌ലിംകൾ ജിഹാദ് നടത്താനുള്ള ആഹ്വാനം കാണാം. പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രാദേശിക ഭാഷകൾ ഹറാമാണെന്ന ചിന്ത ഉടലെടുത്തു. മുമ്പ് അതില്ല. ഉണ്ടെങ്കിൽ അറബിമലയാളം എന്ന ഭാഷ ഉണ്ടാകുമായിരുന്നില്ല. മോയിൻകുട്ടി വൈദ്യരെ പോലുള്ള കവികൾ പാട്ടെഴുതാൻ ഉപയോഗിച്ച ഭാഷയാണിത്. മലയാളഭാഷ ഉണ്ടാകുന്ന കാലം മുതൽക്കുതന്നെ സംസ്കൃതവും തമിഴും കലർന്ന മണിപ്രവാളം ഉണ്ടായതുപോലെ അറബിമലയാള പാരമ്പര്യം ഉണ്ടായിട്ടുണ്ട്. പക്ഷേ, പത്തൊമ്പതാം നൂറ്റാണ്ട് ആകുമ്പോഴേക്കും യാഥാസ്ഥിതികരായ മതപുരോഹിതന്മാർ പിടിമുറുക്കി. വെളിയങ്കോട്ട് ഉമർഖാദി അന്ന് ഇംഗ്ലീഷും മലയാളവും പഠിക്കാൻ ആഹ്വാനം ചെയ്ത് രംഗത്തുവന്നു. വക്കം മൗലവി നവോത്ഥാന പ്രവർത്തനങ്ങളുമായി രംഗത്തു വന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഫറോക് കോളേജ് തുടങ്ങി. മുസ്‌ലിം സ്ത്രീകൾ വിദ്യ അഭ്യസിക്കാൻ പാടില്ല എന്ന ധാരണയായിരുന്നു അന്ന് മുസ്‌ലിംകൾക്കിടയിലുണ്ടായിരുന്നത്. ആ സ്ഥാപനത്തിൽ പഠിച്ച മുസ്‌ലിം സ്ത്രീകൾ പിന്നീട് പരിഷ്കരണങ്ങളുടെ പ്രചാരകരായി.

*എല്ലാ മേഖലകളിലും കാവിവത്കരണം നടക്കുന്നതായി ആരോപിക്കപ്പെടുന്ന കാലമാണിത്. ഇതിനെക്കുറിച്ച് എന്താണ് അഭിപ്രായം?*

അത് ഒരു പ്രചരണ മുദ്രാവാക്യമാണ്. കാവി മോശമായി എനിക്ക് തോന്നിയിട്ടില്ല. പഴയകാലത്ത് ലൗകിക ജീവിത വിരക്തിയുടെ മുദ്രയായിട്ട് സ്വീകരിച്ചിരുന്നതാണത്. അതിനെ രാഷ്ട്രീയവത്കരിക്കാനുള്ള ശ്രമമാണ് ആർ.എസ്.എസ്സുകാർ നടത്തുന്നത്. അതിന്റെ ഫലമായി മറ്റുള്ളവർ കാവിയെ തന്നെ വെറുക്കുന്ന അവസ്ഥയുണ്ടായി. ഇസ്‌ലാമിനെ അവഹേളിക്കുന്നവരാണല്ലോ ഇസ്‌ലാമിക ഭീകരവാദികൾ. അതുപേലെ കാവിയെ ദുരുപയോഗം ചെയ്യുന്നവർ ഹൈന്ദവ സംസ്കാരത്തെ നിന്ദിക്കുന്നവരാണ്. ഹിന്ദുസംസ്കാരം എന്തെന്ന് അറിയാത്തവരാണ് അക്രമണ പ്രവണതയെ പ്രോത്സാഹിപ്പിക്കുന്നവർ. പ്രവാചകന്റെ കാലത്തും അതിനുശേഷവും നിലനിന്നിട്ടുള്ള പരിശുദ്ധമായ ചിന്താഗതികൾ മാനവ ഐക്യത്തിലും ഏകദൈവ സിദ്ധാന്തത്തിലും അടിയുറച്ചതാണ്. അത് മനസ്സിലാക്കാൻ കഴിയാത്തവരാണ് ഇസ്‌ലാമിന്റെ പ്രാതിനിധ്യം അവാശപ്പെട്ടുകൊണ്ട് അക്രമ പ്രവർത്തനങ്ങൾ നടത്തുന്നത്.

*ഐ.എസ്.ഐ.എസ് പോലുള്ള തീവ്രവാദികളുടെ പ്രവർത്തനങ്ങൾ ഇസ്‌ലാമിനെ തെറ്റായി മനസ്സിലാക്കപ്പെടാൻ സഹായിക്കുന്ന അവസ്ഥയാണുള്ളത്. ഇതിനെ എങ്ങനെ വിലയിരുത്തുന്നു?*

ഏറെക്കുറെ എല്ലാ സമൂഹങ്ങളിലും കാണപ്പെടുന്ന ഒന്നാണിത്. ഒരു പ്രസ്ഥാനത്തിന്റെ ആളുകളായി രംഗത്തു വരുന്നവരിൽ തന്നെ -കമ്യൂണിസ്റ്റുകളായാലും ദേശീയവാദികളായാലും ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്‌ലിംകളുമായാലും ശരി - എല്ലാറ്റിലും ഇങ്ങനെയുള്ള പ്രവണതകൾ കാണാം. ഇസ്‌ലാമിന്റെ പേരിൽ ഭീകരപ്രവണതകൾ നടക്കുന്നു എന്നത് വസ്തുതയാണ്. അതിനെ ചെറുത്തുതോൽപിക്കേണ്ടതിന്റെ ഉത്തരവാദിത്തം പ്രവാചകനിലും ക്വുർആനിലും ഇസ്‌ലാമിന്റെ പരിശുദ്ധിയിലും വിശ്വസിക്കുന്ന യഥാർഥ മുസ്‌ലിംകൾക്കാണ്.

അതുപോലെ ഹിന്ദുക്കൾക്കിടയിൽ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ജാതിവിഭജനങ്ങളുമൊക്കെയുണ്ട്. അതിനെ ചെറുത്തു തോൽപിക്കേണ്ട മൗലികമായ ഉത്തരവാദിത്തം ഹിന്ദുവിശ്വാസികൾക്കു തന്നെയാണ്.

ആർ.എസ്എസ്സുകാരും ബിജെപിക്കാരും ഹിന്ദുക്കളുടെ രക്ഷകന്മാരായി അഭിനയിക്കുന്നവരാണ്. അവർ നാട്ടിന്റെ ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും വായിക്കാത്തതിനാൽ പുഷ്പകവിമാനം ശാസ്ത്ര സത്യമാണ് കവിഭാവനയല്ല എന്നൊക്കെ വാദിക്കുന്നുണ്ട്. ഇതൊന്നും ചരിത്രമല്ല എന്ന് പൂർവാചാര്യന്മാർക്ക് കൃത്യമായ ധാരണയുണ്ടായിരുന്നു. അതുകൊണ്ടാണ് രാമായണത്തെ ആദികാവ്യം എന്നും വാൽമീകിയെ ആദികവി എന്നും വിശേഷിപ്പിച്ചത്. അല്ലെങ്കിൽ ആദിചരിത്രം എന്നും ആദികവിത എന്നും പറയുമായിരുന്നു. ഇതിലൂടെയാണ് ഇന്ത്യയുടെ തത്ത്വചിന്തകളും വേദാന്ത ചിന്തകളും ഗ്രാമങ്ങളിൽ പോലും എത്തിയത് പക്ഷേ, അതിന്റെയിടയിൽ തിരുകിക്കയറ്റുന്ന അന്ധവിശ്വാസങ്ങളുണ്ടാകും. ചിലപ്പോൾ ആ അന്ധവിശ്വാസത്തിന്റെ ആളുകളായിരിക്കും യഥാർഥ വിശ്വാസത്തിന്റെ ആളുകളായി പ്രത്യക്ഷപ്പെടുക.

ഇത് ഇസ്‌ലാമിലും സംഭവിച്ചിട്ടുണ്ട്. വേൾഡ് ട്രേഡ് സെന്റർ തകർത്തവർ ഇസ്‌ലാമിന്റെ രക്ഷകരായി വേഷമിട്ടാണ് അത് ചെയ്തതെങ്കിലും ലോകത്തിനു മുന്നിൽ ഇസ്‌ലാമിനെ കരിതേച്ചു കാണിക്കുകയാണ് അവർ ചെയ്തത്. അതിനാൽ താടിവെച്ചവരും മുസ്‌ലിം പേരുള്ളവരും അമേരിക്കക്കാരുടെ കണ്ണിൽ ഭീതിയുളവാക്കുന്നവരാണ്.

*ക്വുർആൻ കൊണ്ടുവന്ന മാറ്റങ്ങൾ?*

തമ്മിൽ കലഹിച്ചിരുന്ന പല ഗോത്രങ്ങൾക്കിടയിലും ഐക്യം കൊണ്ടുവന്നു. ആ ഐക്യത്തിന്റെ ഊർജം അവരിൽ ആത്മവിശ്വാസം വളർത്തി. മുമ്പുതന്നെ അവർ കച്ചവടം വഴി മറ്റു സംസ്കാരങ്ങളുമായി ബന്ധപ്പെട്ടിരുന്നല്ലോ. ആ ബന്ധങ്ങളിലൊക്കെ ഒരു നേതൃസ്ഥാനം അവർക്ക് കൈവന്നത് ഇസ്‌ലാമന്റെ ഉദയത്തോടുകൂടിയാണ്.

ഇസ്‌ലാം ഒരു പുതിയ മതമല്ല. പഴയ മതങ്ങളുടെ പുനർനവീകൃതമായ രൂപമാണ്. ക്വുർആനിലുള്ള തത്ത്വചിന്തയും ബൈബിൾ പഴയ പുതിയനിയമങ്ങളിലുള്ള തത്ത്വചിന്തയും വലിയ അകൽച്ചയുണ്ട് എന്ന് പറയാനാകില്ല. കാലികമായ, പ്രാദേശികമായ വ്യത്യാസങ്ങളൊഴിച്ചാൽ കേന്ദ്ര സത്യങ്ങൾ മൂന്ന് സെമിറ്റിക് മതങ്ങളിലും ഒന്നാണ്. ഒരേ പാരമ്പര്യമാണ്. ഇതേ പാരമ്പര്യം മറ്റു ഭാഷകളിലും വംശങ്ങളിലും രൂപങ്ങളിലുമുള്ള പ്രത്യക്ഷീഭാവമാണ് ഇതര ദർശനങ്ങളൽ കാണുന്നത്. അതിൽ വൈരുധ്യമുണ്ട് എന്ന് പറയാനാകില്ല. അത് തെറ്റിദ്ധാരണയുടെ ഫലമാണ്. ഇസ്‌ലാം അറേബ്യയിൽ ഉദിച്ചുയരുന്ന കാലത്ത് അവിടെയുള്ളവർക്ക് ഇന്ത്യയെപറ്റി വലിയ വിവരമാന്നുമുണ്ടായിരുന്നില്ല. അവ്യക്തമായ ചില ധാരണകളേ ഉണ്ടായിരുന്നുള്ളൂ. ◉

കവർ സ്റ്റോറി

പി.വി.എ പ്രിംറോസ്
anilprimrose@gmail.com




# UAPA
## കുറുവടിയേന്തിയ
# രാജ്യദ്രോഹ നിയമം

*ചെമ്മൺ പാതയിലൂടെ കിതച്ചുകൊണ്ടോടുന്ന കാളവണ്ടി ചൂണ്ടിക്കാട്ടി കുട്ടി അച്ഛനോട് ചോദിച്ചു: "എന്തിനാണച്ഛാ ആ ഇടതു ഭാഗത്തുള്ള കാളയെ മാത്രം തല്ലുന്നത്? രണ്ടും ഒരേ പോലെയാണല്ലോ നടക്കുന്നത്?"*

*അച്ഛൻ പറഞ്ഞു: "ആ കാള മടിയനായതു കൊണ്ടല്ല മോനേ, വണ്ടിക്കാരന്റെ ഇടതു കയ്യിലാണ് ചാട്ടയുള്ളത്."*

സ്റ്റേറ്റ് മർദനോപകരണമാണെന്ന് നിരീക്ഷിച്ചത് കമ്യൂണിസ്റ്റ് ത്വാത്തികാചാര്യൻ കാറൽ മാർക്സാണ്. രാജാധികാരമുപയോഗിച്ച് ആളുകളെ തല്ലിക്കൊന്ന് മറ്റുള്ളവരുടെ മേൽ കുറ്റമാരോപിച്ച് അവരെ കൽത്തുറുങ്കിലടക്കാനും അതുവഴി രാജാധികാരം നിലനിർത്താനും ചന്ദ്രഗുപ്തമൗര്യന് ഭരണോപദേശം നടത്തിയത് കൗടില്യനും.

തത്ത്വത്തിലും പ്രയോഗത്തിലും പല ഭരണചക്രങ്ങളും ഇപ്പോൾ തിരിഞ്ഞുകൊണ്ടിരിക്കുന്നത് ഇത്തരം ചാണക്യനീതിസാരങ്ങളുടെ ഉൾബലത്തിലാണ് എന്നതിന് വർത്തമാനകാല സംഭവവികാസങ്ങൾ സാക്ഷിയാണ്.

അതുകൊണ്ടുതന്നെയാണ് മാറി മാറി വരുന്ന ഭരണകൂട മേലാളൻമാരുടെ ഇംഗിതത്തിനനുസരിച്ച് നിയമം നടപ്പാക്കലാണ് ബ്യൂറോക്രസിയുടെ ചുമതലയെന്ന് സ്ഥാപിതകാലം മുതലേ ഓരോ ഉദ്യോഗസ്ഥനും പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. 'എൻ.ഡി.എയുടെ പട്ടാള'വും 'എൽ.ഡി.എഫിന്റെ പോലീസു'മെല്ലാം മാധ്യമങ്ങളിൽ മാത്രമല്ല, പൊതുബോധങ്ങളിൽ കൂടി ഇടം പിടിച്ചത് ഈയൊരു പരിപ്രേക്ഷ്യത്തിലാണ്.

**മാറി മാറി വരുന്ന ഭരണകൂട മേലാളൻമാരുടെ ഇംഗിതത്തിനനുസരിച്ച് നിയമം നടപ്പാക്കലാണ് ബ്യൂറോക്രസിയുടെ ചുമതലയെന്നാണ് സ്ഥാപിതകാലം മുതലേ ഓരോ ഉദ്യോഗസ്ഥനും പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. 'എൻ.ഡി.എയുടെ പട്ടാള'വും 'എൽ.ഡി.എഫിന്റെ പോലീസു'മെല്ലാം മാധ്യമങ്ങളിൽ മാത്രമല്ല, പൊതുബോധങ്ങളിൽ കൂടി ഇടം പിടിച്ചത് ഈയൊരു പരിപ്രേക്ഷ്യത്തിലാണ്.**

പറഞ്ഞുവരുന്നത് UAPAയെ കുറിച്ചാണ്. രാജ്യത്ത് നൻമ പുലർന്ന് കാണണമെന്നാഗ്രഹിക്കുന്ന പൗരൻമാരുടെ ശിരസ്സുകളിലേക്ക് അശനിപാതം പോലെ പറന്നിറങ്ങുകയാണ് ഈ കരിനിയമം. തങ്ങൾക്കിഷ്ടമില്ലാത്തവരെയെല്ലാം കെണി വെച്ച് പിടിക്കാൻ UAPAയോളം നല്ലൊരു നിയമോപകരണം കയ്യിലില്ലെന്ന തിരിച്ചറിവ് ഭരണകക്ഷികളിൽ പലരെയും ഭരിക്കുന്നുവെന്നത് വസ്തുതയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് യാതൊരു ദാക്ഷിണ്യവുമില്ലാതെ അവരത് എടുത്തുപയോഗിക്കുക കൂടി ചെയ്യുന്നു എന്നതാണ് പുതിയ വാർത്തകൾ നൽകുന്ന ഞെട്ടിക്കുന്ന യാഥാർഥ്യം.



കൊളോണിയൽ ഭരണകാലത്ത് മെക്കാളെ പ്രഭു എഴുതിയുണ്ടാക്കിയ ബ്രിട്ടീഷ് അനുകൂല പീനൽ കോഡിലെ 113ാം വകുപ്പാണ് രാജ്യദ്രോഹവുമായി ബന്ധപ്പെട്ട ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ പ്രപിതാവ്. 1863-70 കാലത്ത് ബ്രിട്ടീഷുകാർക്കെതിരെയുള്ള വഹാബി പ്രസ്ഥാനങ്ങളുടെ ശക്തമായ ചെറുത്തുനിൽപിൽ പിടിച്ചുനിൽക്കാൻ നിലവിലുള്ള നിയമത്തിലൂടെ കഴിയില്ലെന്ന് ബോധ്യം വരികയും മുൻപ് ഒഴിവാക്കിയിരുന്ന സെക്ഷൻ 124 വകുപ്പ് വീണ്ടും കൂട്ടിച്ചേർത്ത് ശക്തമായ നിയമനിർമാണം നടത്തുകയുമാണ് ബ്രിട്ടീഷ് ഭരണകൂടം ചെയ്തത്. വഹാബി മൂവ്മെന്റിൽ പെട്ടവർക്ക് പുറമെ 'ബംഗോബന്ധി' പത്രാധിപർ ജഗേന്ദ്ര ചന്ദ്രബോസും ബാലഗംഗാധര തിലകനുമടക്കം നിരവധി പ്രശസ്തർ ഇതിൽ രാജ്യദ്രോഹികളായി ചിത്രീകരിക്കപ്പെട്ടു.

സ്വാതന്ത്ര്യസമരത്തിന് ശേഷവും വിഭജനാനന്തരവും നടന്ന നിരവധി വർഗീയ കലാപങ്ങൾ പ്രസ്തുത വകുപ്പ് നിലനിർത്താൻ രാജ്യ നയതന്ത്രജ്ഞരെ പ്രേരിപ്പിച്ചു. 1951ൽ ചില ഭേദഗതികൾ വന്നെങ്കി



ലും നിയമം നിയമമായി തന്നെ അവിടെ കിടന്നു. ഇതിന് ശേഷം രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിനും നാടിന്റെ ഭരണാവസ്ഥ നിലനിർത്തുന്നതിനുമായി 1963ൽ ദേശീയോദ്ഗ്രഥന കൗൺസിൽ നിയമിച്ച കമ്മിറ്റി നൽകിയ ശിപാർശയിലൂടെയാണ് UAPAക്ക് തുടക്കം കുറിക്കുന്നത്. The Unlawful Activities (Prevention) Act, 1967 എന്ന ഈ നിയമത്തിന്റെ കരട് അതേ വർഷം തന്നെ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിക്കുകയും 1967ൽ പാർലമെന്റിന്റെ ഇരു സഭകളും അത് പാസാക്കുകയും പ്രസ്തുത വർഷം ഡിസംബർ 30ന് രാഷ്ട്രപതി ഒപ്പ് വെച്ച് അത് നിയമമായി പ്രാബല്യത്തിൽ വരികയും ചെയ്തു.

ഭരണകൂടം പൗരന് നൽകുന്ന പല പ്രധാന അവകാശങ്ങളും രാജ്യസുരക്ഷയുടെ പേരിൽ ഹനിക്കുന്നു എന്നതിനാൽ തന്നെ ഒട്ടേറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയെങ്കിലും 1969, 1972, 1986, 2004, 2008, 2012 എന്നീ വർഷങ്ങളിൽ കുറച്ച് കൂടി സങ്കീർണമായ ഭേദഗതികൾ വരുത്തിയാണ് യു.എ.പി.എ നിയമമായി പുറത്ത് വരുന്നത്.

2008ലെ ഭേദഗതിക്ക് ശേഷമാണ് യു.എ.പി.എ മറ്റു നിയമങ്ങളെപ്പോലെ എടുത്തുപയോഗിക്കാൻ തുടങ്ങുന്നത്. അഫ്സപയും(Armed Forces (Special Powers) Act, 1958) മോക്കയും(Maharashtra Control of Organised Crime Act, 1999 (MCOCA)) പോട്ടയും(The Prevention of Terrorism Act, 2002 (POTA) ടാഡ(Terrorist and Disruptive Activities (Prevention) Act)യും പോലെ അനിഷ്ടക്കാരെ ഒതുക്കാൻ നിമയത്തെ ഉപയോഗിക്കുന്ന പ്രവണത വർധിച്ചു വരുന്നതും ഇക്കാലയളവിന് ശേഷമാണ്. 2008 നവംബർ 26ന് നടന്ന മുംബൈ ഭീകരാക്രമണം ഇതിന് നല്ലൊരു കാരണമായി ഭവിച്ചു. ഇതിന്റെ പശ്ചാത്തലത്തിൽ അതേ വർഷം ഡിസംബർ 16നാണ് വേണ്ടത്ര ചർച്ചകളോ പഠനങ്ങളോ ഇല്ലാതെ നിയമത്തിൽ കർക്കശമായ മാറ്റങ്ങൾ വരുത്തുന്നത്. ഭീകര വിരുദ്ധ വികാരം ജ്വലിച്ച് നിൽക്കുന്ന സമയമായതിനാൽ തന്നെ ഇടതുപക്ഷ പാർട്ടികളുടെ കൂടി പിന്തുണയോടു കൂടിയാണ് അന്നത്തെ ആഭ്യന്തര മന്ത്രി ചിദംബരം ഈ നിയമ ഭേദഗതികൾ പാസാക്കിയെടുക്കുന്നത്.

യു.എ.പി.എ നിയമങ്ങളിൽ പലതും എങ്ങോട്ടും വ്യാഖ്യാനിക്കാനും ആർക്കും ആരെയും കുറ്റവാളിയായി ചിത്രീകരിക്കാനും അവസരമൊരുക്കുന്ന തരത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഏതെങ്കിലുമൊരു വ്യക്തിയുടെ പരാതിയനുസരിച്ചോ ഉദ്യോഗസ്ഥന്റെ മനോഗതമനുസരിച്ചോ ഏതൊരു പൗരനെയും ചോദ്യം ചെയ്യാനും അയാളുടെ വസ്തുക്കൾ പിടിച്ചെടുക്കാനും റെയ്ഡ് നടത്താനും അറസ്റ്റ് ചെയ്യാനും അവകാശം നൽകുന്നതാണ് ഈ നിയമം. കോടതി ഉത്തരവോ ജുഡീഷ്യൽ വാറന്റോ ഉണ്ടെങ്കിൽ മാത്രം സാധ്യമാവുന്ന ഈ അധികാരം ഏതൊരു പോലീസുകാരനും എടുത്തുപയോഗിക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ അപകടം. അനുമതിയില്ലാതെ പ്രകടനം നടത്തിയെന്ന പേരിൽ കോഴിക്കോട് വെസ്റ്റ്ഹിൽ പോളി ടെക്നിക് കോളജിലെ ക്ലർക്ക് രജീഷ് കൊല്ലങ്കണ്ടിയുടെയും ദേശീയ ഗാനത്തെ അവഹേളിച്ചെന്ന കാരണം കാണിച്ച് കമൽ സി. ചവറയുടെയും മാവോവാദികൾക്ക് വീട്ടുസഹായം നൽകിയെന്നാരോപിച്ച് നദീറിന്റെയും പേരിൽ യു.എ.പി.എ ചുമത്തിയതിനെതിരെ നടന്ന വ്യാപക പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ, മുകളിൽ നിന്ന് നിർദേശം കിട്ടാതെ ഇത്തരം നടപടികൾ കൈക്കൊള്ളാൻ പാടില്ലെന്ന ലോക്നാഥ് ബെഹ്റയുടെ പ്രസ്താവനക്ക് നിയമപിന്തുണയില്ല എ




ന്നാണ് വ്യക്തമാവുന്നത്.

ക്രിമിനൽ പ്രൊസിക്യൂഷൻ കോഡ് (CRPC) പ്രകാരം 'മതിയായ രീതിയിൽ സംശയിക്കപ്പെടുന്ന' എന്ന വാചകം 'വിശ്വസനീയ കാരണം' എന്നാക്കി മാറ്റുന്നതിലൂടെ അന്വേഷണോദ്യോഗസ്ഥരുടെ താൽപര്യങ്ങൾ തന്നെയായിരിക്കും സംരക്ഷിക്കപ്പെടുക എന്ന് സുതരാം വ്യക്തം. മാത്രമല്ല, പോലീസ് സൂപ്രണ്ടിന്റെ നിർദേശാടിസ്ഥാനത്തിൽ കോർപറേഷനുകളും സർക്കാർ ഏജൻസികളും സംഘടനകളും വ്യക്തികൾ തന്നെയും പരാതിപ്പെട്ടാൽ ഏതൊരു പൗരനും തന്റെ മുഴുവൻ വിവരങ്ങളും ഹാജരാക്കൽ ഈ നിയമത്തിലൂടെ നിർബന്ധമായി മാറും. രാജ്യത്തിലെ എത്ര തന്നെ ഉന്നതരായാലും ആപാദചൂഢം അന്വേഷണം നടത്താനും ഭയലേശമന്യെ അവരെ കെണിയിൽ വീഴ്ത്താനും ഈ നിയമത്തിലൂടെ സാധിക്കും എന്നതിന്റെ പ്രത്യക്ഷ തെളിവാണ് വിശ്വ പ്രസിദ്ധ ഇസ്‌ലാമിക പണ്ഡിതൻ സാക്കിർ നായിക്കിനെതിരെയും അദ്ദേഹത്തിന്റെ സംഘടനക്കും ചാനലിനുമെതിരെയും കൈക്കൊണ്ട നിയമ നടപടികൾ. ധാക്ക സ്ഫോടന പശ്ചാത്തലത്തിൽ പ്രതികളിലൊരാളുടെ ഫേസ്ബുക്ക് പേജിലെ സാക്കിർ നായിക്കിന്റെ പ്രഭാഷണങ്ങളാണ് ഈ വേട്ടയാടലിന്റെ ബീജാവാപം. സ്വന്തം പിതാവിന്റെ മൃതദേഹം സന്ദർശിക്കാൻ പോലും കഴിയാത്ത വിധത്തിൽ ഇന്ത്യക്കാർക്ക് 'അനഭിമതനായി' മാറാൻ അദ്ദേഹത്തെ ഇടയാക്കിയത് ചാട്ട പിടിച്ച ഇടതുകയ്യൻ കാളവണ്ടിക്കാരന്റെ കയ്യിലാണ് നിയമമെന്നത് മാത്രമാണ്.

യു.എ.പി.യയുടെ 43D(2) വകുപ്പ് പ്രകാരം ഒരാളെ കസ്റ്റഡിയിലെടുത്താൽ പ്രാഥമിക തടങ്കൽ കാലാവധി 6 മാസമാണ്. അതായത് 180 ദിവസം. ഇതിൽ 90 ദിവസത്തിന് ശേഷം കേസിൽ പുരോഗതിയുണ്ടെന്ന് പ്രോസിക്യൂട്ടർ കോടതിയെ ബോധ്യപ്പെടുത്താൽ മാത്രം മതി കസ്റ്റഡി തുടരാൻ. മാത്രമല്ല, പ്രതിയെന്ന് ആരോപിക്കപ്പെട്ടയാളുടെ നിരപരാധിത്വം തെളിയിക്കാനുമുള്ള പ്രോസിക്യൂട്ടറുടെ ബാധ്യത യു.എ.പി.എ കേസുകൾക്ക് ബാധകമല്ല. മറിച്ച്, ആരോണോ കുറ്റാരോപിതർ അവർ തന്നെ അക്കാര്യം തെളിയിക്കേണ്ടതുണ്ട്. 43D(5) പ്രകാരം പബ്ലിക് പ്രോസിക്യൂട്ടർ അനുവദിക്കാത്തിടത്തോളം കാലം ജാമ്യം കിട്ടാൻ യാതൊരു സാധ്യതയുമില്ല താനും. മാത്രമല്ല, 43(A) വകുപ്പ് പ്രകാരം ഭീകര പ്രവർത്തനത്തിൽ പങ്കെടുത്തെന്ന് സംശയിക്കപ്പെടുന്നവരുടെ സ്വത്ത്വഹകളും ധനാഗമന മാർഗങ്ങളും കണ്ട് കെട്ടാനോ മരവിപ്പിക്കാനോ ഉള്ള അധികാരവും അധികാരികൾക്ക് തന്നെയാണ്. ഇതുപയോഗിച്ചാണ് മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ബുറൂജ് റിയലൈസേഷൻ സാരഥികളായ ദാവൂദ് ഉവൈദ്, സാഹിർ സെയ്ദ്, സമീദ് അഹ്മ്മദ് ശൈഖ് എന്നിവർ പീസ് സ്കൂളുകളിലെ പാഠപുസ്തകവുമായി ബന്ധപ്പെട്ട് ഇന്നും വിചാരണ നേരിട്ടു കൊണ്ടിരിക്കുന്നത് നിയമത്തിന്റെ ഈയൊരു ദുഃശാഠ്യത്തിന്റെ പേരിലാണ്.

യു.എ.പി.എ മൂലമുള്ള പൗരന്റെ അവകാശധ്വംസനങ്ങൾ ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല. പരിമിതമായ തെളിവ് കൊണ്ട് പോലും വ്യക്തികളെ അറസ്റ്റ് ചെയ്യാനും സംഘടനകൾ നിരോധിക്കാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. പൗരനെ മതിയായ തെളിവുകളില്ലാതെ 30 ദിവസം പോലീസ് കസ്റ്റഡിയിലും 180 ദിവസം തടങ്കലിലും വെയ്ക്കാം, കുറ്റം ചെയ്യണമെന്ന ഉദ്ദേശ്യമില്ലെന്ന് ബോധ്യപ്പെട്ടാൽ പോലും കൈവശം വെച്ച വസ്തുക്കളുടെ പേരിൽ ഒരാളുടെ പേരിൽ കേസെടുക്കാം, യു.എ.പി.എ ഉൾപ്പെടുന്ന കേസിൽ അറസ്റ്റിലായ വ്യക്തിയുടെ സംഘാടനാബന്ധം തെളിയിക്കപ്പെട്ടാ

ൽ അയാൾ ഉൾക്കൊള്ളുന്ന സംഘടനയെ കാര്യമായ വിശദീകരണങ്ങളില്ലാതെ നിരോധിക്കാം, വാറന്റ് കൂടാതെ വസ്തുക്കൾ പിടിച്ചെടുക്കാം, ഭരണഘടന ഉറപ്പ് നൽകുന്ന സംഘടിക്കാനുള്ള അവകാശത്തിൽ വെള്ളം ചേർത്ത് രാജ്യദ്രോഹത്തിന്റെ വാതായനം തുറന്ന് അകത്താക്കാം, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളുടെ ദുരുപയോഗത്തിലൂടെ ആളുകളെ അഴിക്കുള്ളിലാക്കാം... തുടങ്ങി രാജ്യത്തെ പൗരന്റെ സ്വസ്ഥ ജീവിതത്തിന് വിഘാതം നിൽക്കുന്ന ഒട്ടധികം നിയമങ്ങളാൽ സമ്പന്നമാണ് യു.എ.പി.എ.

ടാഡ പ്രകാരം 1984 മുതൽ ഗുജറാത്തിൽ 18686ഉം പഞ്ചാബിൽ 15314ഉം ജമ്മു കാശ്മീരിൽ 15225ഉം അസമിൽ 12715ഉം പേരെയായിരുന്നു അറസ്റ്റ് ചെയ്തത്. ഇതിൽ പഞ്ചാബ് പ്രവിശ്യയിലെ സിഖ് വംശജരെ മാറ്റി നിർത്തിയാൽ ഭൂരിഭാഗവും മുസ്‌ലിംകളായിരുന്നു പ്രതികൾ. 1987ൽ കെ.എ.പി.എസ് ഗില്ലിന്റെ നേതൃത്വത്തിൽ സിഖ് ന്യൂനപക്ഷത്തെ അടിച്ചമർത്താനായി രാജ്യദ്രോഹ നിയമ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടത് 7600ത്തോളം ആളുകളായിരുന്നു. അതിൽ 15% പേർ മാത്രമാണ് വിചാരണക്ക് വിധേയമായത്. അതിൽ തന്നെ 2% ആളുകൾ മാത്രമാണ് ശിക്ഷിക്കപ്പെട്ടത്.

ടാഡ നിയമം പിൻവലിക്കുന്ന സമയത്ത് മൊത്തം ഫയൽ ചെയ്ത കേസുകളുടെ കണക്കെടുക്കുമ്പോൾ കണ്ടെത്തിയ വിവരങ്ങൾ മനുഷ്യത്വത്തിൽ വിശ്വസിക്കുന്ന ഏതൊരാളെയും ഞെട്ടിക്കുന്നതായിരുന്നു. ആകെ കേസെടുത്ത 75500 പേരിൽ കുറ്റം തെളിയിക്കപ്പെട്ടത് 15991 പേരുടേത് മാത്രം. ബാക്കിയുള്ള അറുപതിനായിരത്തോളം പേർ നിരപരാധികളായിരുന്നുവത്രെ! അതായത്, ഇത്രയും മനുഷ്യർ സമൂഹത്തിന്റെ മുന്നിൽ ഇക്കാലമത്രയും അപരാധികളായിരുന്നു പോൽ!

ചത്തീസ്ഗഢിലും പശ്ചിമ ബംഗാളിലും മൈനിംഗ് കമ്പനികൾ, ദരിദ്രർ തങ്ങളുടെ കൃഷി ഭൂമി കൈവശപ്പെടുത്തിയതിന്റെ പേരിൽ നടത്തിയിരുന്ന സമരങ്ങളെയെല്ലാം കുത്തകകളുടെ ഒത്താശയോടെ സർക്കാർ അടിച്ചൊതുക്കിയിരുന്നത് ഈ നിയമം മുഖേനയായായിരുന്നു. ദരിദ്രരിൽ ദരിദ്രരായ ഇവർക്ക് സ്വന്തമായി നിയമസഹായം തേടാൻ സാധ്യമല്ലാത്തതിനാൽ തന്നെ അനന്തമായി ജയിലുകളിൽ കിടക്കേണ്ടി വരുന്നു.

യു.എ.പി.എ ചുമത്തി നീണ്ട 11 വർഷം ജയിലിൽ കിടന്ന് ഒടുവിൽ നിരപരാധിയെന്ന് കണ്ട് കഴിഞ്ഞ മാസം വിട്ടയച്ച ഇർശാദ് അലിയുടെ അനുഭവം ഞെട്ടലുളവാക്കുന്നതാണ്. ഗവൺമെന്റിന്റെ ഇൻഫോർമറായി സേവനമനുഷ്ഠിച്ച അദ്ദേഹത്തിന് മുസ്‌ലിം പോക്കറ്റുകളിൽ പോയി തൊഴിൽരഹിതരായ മുസ്‌ലിം യുവാക്കളെ തീവ്രവാദത്തിലേക്ക് ആകർഷിപ്പിക്കലും തീവ്രവാദ പ്രവർത്തനങ്ങൾക്കിടെ ഒറ്റിക്കൊടുത്ത് അറസ്റ്റ് ചെയ്യിപ്പിക്കലുമായിരുന്നത്രെ ജോലി. ഇങ്ങനെ ഭീകരവാദികളെ വളർത്തിയെടുക്കുന്ന ഫാം ഹൗസുകൾ വരെ രാജ്യത്ത് ഭരണകൂട ഒത്താശയോടെ പ്രവർത്തിക്കുന്നുവെന്നും അത്തരം ഗൂഢ പ്രവർത്തനങ്ങളിൽ നിന്നും മനംമടുത്ത് പിന്തിരിയാൻ ശ്രമിച്ചപ്പോൾ ഇർശാദ് അലിയെയും കള്ളക്കേസ് ചമച്ച് യു.എ.പി.എ പ്രകാരം അറസ്റ്റ് ചെയ്യുകയായിരുന്നു എന്നുമാണ് ഇർശാദ് അലി വെളിപ്പെടുത്തിയത്. വർഷങ്ങൾക്ക് മുമ്പ് ഇക്കാര്യം വെളിപ്പെടുത്തി തീഹാർ ജയിലിൽ നിന്ന് പ്രധാനമന്ത്രിക്ക് തുറന്ന കത്തെഴുതി മാധ്യമ ശ്രദ്ധ പിടിച്ചു പറ്റിയെങ്കിലും നീണ്ട പതിനൊന്ന് വർഷങ്ങൾക്ക് ശേഷമാണ് ഇർശാദ് അലിക്ക് തന്റെ നിരപരാധിത്വം തെളിയിക്കാൻ കഴിഞ്ഞത്.

**യു.എ.പി.എയുടെ മുൻഗാമികളായ ടാഡയും പോട്ടയുമെല്ലാം രാജ്യമൊട്ടാകെ പൗരന്റെ അവകാശങ്ങളുടെ മേൽ ആസുരനൃത്തം ചവിട്ടുമ്പോൾ പക്വമായ രാഷ്ട്രീയ ഇടപെടലിലൂടെ കേരളം രാജ്യത്തിന് മാതൃകയായിരുന്നു. എന്നാൽ യു.എ.പി.എ വന്നപ്പോൾ സ്ഥിതി മാറി. കേരളത്തിൽ നിന്നും ഇതിന് സമാനമായ വാർത്തകൾ വരാൻ തുടങ്ങി.**



യു.എ.പി.എയുടെ മുൻഗാമികളായ ടാഡയും പോട്ടയുമെല്ലാം രാജ്യമൊട്ടാകെ പൗരന്റെ അവകാശങ്ങളുടെ മേൽ ആസുരനൃത്തം ചവിട്ടുമ്പോൾ പക്വമായ രാഷ്ട്രീയ ഇടപെടലിലൂടെ കേരളം രാജ്യത്തിന് മാതൃകയായിരുന്നു. എന്നാൽ യു.എ.പി.എ വന്നപ്പോൾ സ്ഥിതി മാറി. കേരളത്തിൽ നിന്നും ഇതിന് സമാനമായ വാർത്തകൾ വരാൻ തുടങ്ങി. നീണ്ട ഏഴ് വർഷത്തെ ജയിൽവാസത്തിന് ശേഷമാണ് ഐ.ടി പ്രഫഷണലായ മുക്കം സ്വദേശി യഹ്‌യാ കമ്മുക്കുട്ടിയെ നിരപരാധിയെന്ന് കണ്ട് വിട്ടയച്ച

**ഭരണകൂട മുഷ്കിന്റെ ചാട്ടവാറുകൾ നമ്മെയും തേടി വന്നെത്താം. അതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നും വേണ്ട. അത് വർഷങ്ങൾക്ക് മുമ്പ് താൻ സംസാരിച്ച ഒരു പ്രഭാഷണത്തിന്റെ, സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത വോയ്സ് ക്ലിപ്പുകളാവാം. പൂർവ്വകാല ചരിത്രത്താളുകളിലെ ത്യാഗസ്മരണകൾ പുനരവതരിപ്പിക്കാനായി ചീന്തിയെടുക്കുമ്പോൾ വക്കിൽ പൊടിഞ്ഞ ചോരത്തുള്ളികളാവാം.**



ത്. ഇതിൽ യഹ്‌യ കൂടാതെ നാല് മലയാളികൾ വേറെയുമുണ്ടായിരുന്നു. മുംബൈ പോലീസിന്റെ സമ്മർദം മൂലമാണ് താൻ പരാതി നൽകിയതെന്നും അത് പോലും തീവ്രവാദിയാണെന്ന രൂപത്തിലല്ല എന്ന് തുറന്ന് പറഞ്ഞിട്ടും പരാതിക്കാരന്റെ വെളിപ്പെടുത്തൽ മുഖവിലക്കെടുക്കാതെ കണ്ണൂരിലെ പണ്ഡിതൻ മാസങ്ങളായി രാജ്യദ്രോഹ നിയമപ്രകാരം ഇപ്പോഴും ജയിലിലാണ്. മാത്രമല്ല, അബ്ദുന്നാസർ മഅ്ദനി മുതൽ സകരിയ്യ വരെ നിരവധി പേർ ഇപ്പോഴും അനന്തമായ വിചാരണ നേരിട്ടു കൊണ്ടിരിക്കുകയാണ്. അതേസമയം ദേശീയഗാനം ബ്രിട്ടീഷ് സ്തുതിയാണെന്ന് ആരോപിച്ച ടീച്ചർമാരും മലപ്പുറത്തെ 'മുസ്‌ലിം പന്നിപ്പേറി'നെ കുറിച്ച് വാചാലനായ 'ഗോക്രി'കളും ബാബ്‌രി മസ്ജിദ് ധ്വംസനത്തിൽ ഊറ്റം കൊള്ളുന്ന സനാതന നേതാക്കന്മാരുമെല്ലാം ഇന്നും ഒരു പ്രശ്നവുമില്ലാതെ രാജ്യത്ത് സൈ്വരവിഹാരം നടത്തുകയും ചെയ്യുന്നു എന്ന് വരുമ്പോൾ നിസ്കാരം, ഹജ്ജ് പോലെ മുസ്‌ലിംകൾക്ക് മാത്രമുള്ള ചില ആചാരങ്ങളാണോ കേരളത്തിൽ യു.എ.പി.എ പോലുള്ള കിരാത നിയമങ്ങൾ എന്ന് ഒരു സാധാരണക്കാരൻ സംശയിച്ചാൽ അവരെ കുറ്റം പറയാനൊക്കുകയില്ല.

യു.എ.പി.എയുടെ ആദ്യ നാളുകളിൽ കേരളത്തിൽ കാര്യമായ കേസുകളോ അറസ്റ്റുകളോ നടന്നില്ലെങ്കിൽ പോലും മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്രയോ ഇരട്ടിയായിരുന്നു അവസാന വർഷങ്ങളിൽ എന്നത് പ്രതികാര രാഷ്ട്രീയത്തിന് ഈ നിയമത്തെ രാഷ്ട്രീയ കക്ഷികൾ കൂട്ടുപിടിച്ചു തുടങ്ങി എന്നതിന്റെ കൃത്യമായ തെളിവാണ്. ഇതിൽ തന്നെ ഇന്നേ വരെയുള്ള മൊത്തം കേസുകളേക്കാൾ അധികം യു.എ.പി.എ വകുപ്പ് ചേർത്ത് കേസ് രജിസ്റ്റർ ചെയ്തത് ഈ വർഷമാണെന്നത് മാധ്യമ വാർത്തകളിൽ നിന്ന് വ്യക്തമാണ്. 2016ലെ ഔദ്യോഗിക കണക്കുകൾ ലഭ്യമല്ലെങ്കിലും മീഡിയാ വിവരങ്ങൾ അതാണ് സൂചിപ്പിക്കുന്നത്.

ഹൂബ്ലി ഗൂഢാലോചനക്കേസിലെ 18 പേർ, 13 വർഷത്തിന് ശേഷം കുറ്റം ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ട് വിട്ടയച്ച അക്ഷർധാം സ്ഫോടനക്കേസിലെ മുഫ്തി അബ്ദുൽ ഖയ്യൂം, മലേഗാവ് സ്ഫോടന ക്കേസിൽ പ്രതി ചേർത്ത് ഒടുവിൽ അസിമാനന്ദ സ്വാമിയുടെ കുറ്റസമ്മതത്തിലൂടെ നിരപരാധിത്വം തെളിയിച്ച് പുറത്ത് വന്ന അബ്ദുൽ കലീം... ഇങ്ങനെ നിരവധി പേർ. ഇനിയും നിരപരാധിത്വം തെളിയിക്കപ്പെടാതെ കൽത്തുറുങ്കിലടക്കപ്പെട്ട നിരവധി നിസ്സഹായർ വേറെയും. എല്ലാത്തിനും പുറമെ താൻ ചെയ്ത തെറ്റെന്തെന്ന് മനസ്സിലാക്കാൻ കഴിയാതെയും ഭരണകൂട നിയമസംവിധാനത്തിന്റെയും പൊതു മനസ്സാക്ഷിയുടെയും വിധിയെന്തെന്ന് മനസ്സിലാക്കുന്നതിന് മുമ്പ് ഒരു ബുള്ളറ്റിലൂടെയോ, സ്ഫോടനത്തിലൂടെയോ ജീവിതമവസാനിപ്പിക്കേണ്ടി വന്ന വാരണാസി സ്ഫോടനത്തിലെയും മില്ലേനിയം പാർക്ക് വെടിവെയ്പിലെയും ബട്‌ല ഹൗസ് ഏറ്റുമുട്ടലിലെയും ഭോപ്പാൽ എൻകൗണ്ടർ കില്ലിംഗിലെയും ഇരകളാക്കപ്പെട്ട നിരവധി നിരപരാധികൾ...

ഭരണകൂട മുഷ്കിന്റെ ചാട്ടവാറുകൾ നമ്മെയും തേടി വന്നെത്താം. അതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നും വേണ്ട. അത് വർഷങ്ങൾക്ക് മുമ്പ് താൻ സംസാരിച്ച ഒരു പ്രഭാഷണത്തിന്റെ, സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത വോയ്സ് ക്ലിപ്പുകളാവാം. അക്ഷരപ്പിച്ച വെക്കുന്ന പിഞ്ചുകുട്ടികൾക്ക് ക്ലാസിൽ പഠിപ്പിക്കാൻ വെച്ച സംഭാഷണശകലങ്ങളിലെ വ്യാഖ്യാന സാധ്യതകളാവാം. പൂർവകാല ചരിത്രത്താളുകളിലെ ത്യാഗസ്മരണകൾ പുനരവതരിപ്പിക്കാനായി ചീന്തിയെടുക്കുമ്പോൾ വക്കിൽ പൊടിഞ്ഞ ചോരത്തുള്ളികളാവാം. നോക്കിലും വാക്കിലും വരുന്ന അസ്ഥാനത്തെ നൈസർഗിക വൈകല്യങ്ങളാവാം. എന്തും, ഏതും ഒരു രാജ്യദ്രോഹ കുറ്റത്തിലേക്കോ അതുവഴി അനന്തമായ കാരാഗ്രഹവാസത്തിലേക്കോ അസമയത്ത് പാഞ്ഞു കയറി നിശ്ചലമാവുന്ന ഒരു ബുള്ളറ്റിലേക്കോ നിങ്ങളെ കൊണ്ടെത്തിച്ചേക്കാം. അതിനാൽ കണ്ണ് തുറന്ന് പിടിക്കുക; കൈകൾ ചേർത്ത് പിടിക്കുക. അതെ, നമുക്കും ജീവിക്കണം.

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

# വിഷമിക്കേണ്ട, അല്ലാഹു കൂടെയുണ്ട്...

വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തി ഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

## ഭർത്താവിന്റെ മദ്യപാനം

*മദ്യപനായ ഭർത്താവിന്റെ കൂടെ ജീവിക്കുന്നതിൽ തെറ്റുണ്ടോ?*

മദ്യം വിശുദ്ധ ക്വുർആനും നബിവചനങ്ങളും ശക്തമായി വിലക്കിയ കാര്യമാണ്. അത് നിഷിദ്ധമാണെന്ന കാര്യത്തിൽ മുസ്‌ലിം സമൂഹത്തിൽ അഭിപ്രായാന്തരമില്ല. നബിﷺ പറഞ്ഞു: "എല്ലാ ലഹരിയുണ്ടാക്കുന്നതും മദ്യമാണ്. എല്ലാ മദ്യവും നിഷിദ്ധവുമാണ്" (മുസ്‌ലിം 37:35).

മദ്യം കഴിക്കുന്നവർക്ക് നാളെ പരലോകത്ത് നരകക്കാരിൽ നിന്ന് ഒഴുകുന്ന ദ്രാവകം കുടിപ്പിക്കപ്പെടും എന്നും നബിﷺ പറഞ്ഞിട്ടുണ്ട്. ഈ വസ്തുതകൾ വിസ്മരിക്കാവതല്ല.

എന്നാൽ ഭാര്യയെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു ഭർത്താവിന്റെ കൂടെ ജീവിക്കുന്നതിന് തടസ്സമില്ല. കാരണം ഒരാൾ ചെയ്യുന്ന തെറ്റിന് മറ്റൊരാൾ ശിക്ഷിക്കപ്പെടില്ല. "ഒരാളുടെ പാപഭാരം മറ്റൊരാൾ വഹിക്കുകയില്ല" (ഫാത്വിർ: 18).

മദ്യപാനിയായ ഭർത്താവിന്റെ കൂടെ ക്ഷമയോടെ എല്ലാം സഹിച്ച് ജീവിക്കുന്നതിന് ഭാര്യക്ക് പ്രതിഫലം ലഭിച്ചേക്കാം. മദ്യപാനം ഒരാളെ അവിശ്വാസിയാക്കുന്നില്ല എന്നതാണ് വിവാഹ ബന്ധം നിലനിൽക്കാനുള്ള കാരണം.

എന്നാൽ സുപ്രധാനങ്ങളായ ചില കാര്യങ്ങൾ ഈ സഹോദരി മനസ്സിലാക്കേണ്ടതുണ്ട്. തിന്മയുടെ മാതാവായ മദ്യം ശീലമാക്കിയ ഭർത്താവിൽ നിന്നും അത് നിലനിൽക്കുന്ന കാലമത്രയും വലിയ പ്രതീക്ഷകൾക്ക് അവകാശമില്ല. കുട്ടികൾ വലുതായി വരുമ്പോൾ അവരുടെ അഭിമാനത്തെയും നല്ല ശീലങ്ങളെയും അത് പ്രതികൂലമായി ബാധിക്കും. അവരുടെ വിവാഹത്തിനും ഭാവി ജീവിതത്തിനും ഇത് വലിയ തടസ്സമാകും. അതിനാൽ പരിഹാരത്തിന്റെ വഴികൾ വേഗത്തിൽ കണ്ടെത്താൻ ശ്രമിക്കുന്നതാണ് ബുദ്ധി. കുറ്റപ്പെടുത്തിയും അപമാനിച്ചും വെറുതെ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ട് കാര്യമില്ല. സ്നേഹപൂർവമായ പെരുമാറ്റങ്ങളിലൂടെയും സദുപദേശത്തിലൂടെയും ഫലപ്രദമായ വഴികളിലൂടെയും ബന്ധുക്കളുടെയും സ്നേഹിതൻമാരുടെയും മതപ്രബോധകരുടെയും ഗുണപരമായ ഇടപെടൽ മൂലവും ഫലമുണ്ടാക്കാം. പ്രാർഥനയും ഏറ്റവും വലിയ പരിഹാരമാണ്. തിന്മയെ നന്മ കൊണ്ട് നേരിടുക എന്ന തത്ത്വപ്രകാരം കൂടുതൽ നന്നായി പെരുമാറുന്നതും മാറ്റമുണ്ടാക്കും.

കിടപ്പറയിൽ നിന്ന് വിട്ടുനിൽക്കുന്നത് പോലുള്ള കാര്യങ്ങളിലൂടെ മനംമാറ്റമുണ്ടാക്കാൻ ശ്രമിക്കാം. നല്ല ധാർമികാന്തരീക്ഷമുള്ള ഡിഅഡിക്ഷൻ സെന്ററുകളും വലിയ മാറ്റങ്ങൾക്ക് കാരണമാകും.

## വിധവയും അനാഥനും

*ഭർത്താവ് മരണപ്പെട്ട എനിക്ക് ഒരു മകനും മകളുമുണ്ട്. മകൻ പഠനം നിർത്തി. ചെറിയൊരു ജോലിയുണ്ട്. പ്രതീക്ഷിച്ച പോലെയായില്ല. അവനെ ശരിയാക്കിയെടുക്കാൻ ഞാനെന്ത് ചെയ്യണം?*

പത്തൊമ്പത് വയസ്സുള്ള മകനെയും കൂട്ടി നേരിട്ട് വന്ന് പരാതിപ്പെട്ട ഒരു വിധവയുടെ ചോദ്യമാണിത്. കുട്ടിയുമായി വിശദമായി സംസാരിക്കാൻ അവസരം ലഭിച്ചു. മാനസിക രോഗത്തിന്റെ ചില ലക്ഷണങ്ങൾ ശരിക്കും ആ കുട്ടിയിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴുള്ള, പിതാവിന്റെ മരണമാണ് അവനെ തളർത്തിയത്. ഇന്നും ആ വേർപാട് അവനെ പ്രയാസപ്പെടുത്തുന്നു.

ബാപ്പ എന്നും വീട്ടിലേക്ക് വരുമ്പോൾ ചായക്ക് മിക്സ്ചർ(ബേക്കറി) കൊണ്ടുവരുമായിരുന്നു. ഇപ്പോഴും ചായ കുടിക്കുമ്പോൾ അവന് പിതാവിനെ ഓർമ വരും. അവന്റെ കണ്ണുകൾ നിറയും. അനാഥത്വം അവന്റെ മനസ്സിനെ തളർത്തിയതിൽ ചെറുതല്ലാത്ത പങ്ക് ഉമ്മക്കുണ്ടെന്ന് ഉമ്മയുടെ സംസാരത്തിൽനിന്നും മനസ്സിലായി. ഉമ്മക്ക് വിധവയുടേതായ പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. പിതാവിന്റെ അസാന്നിധ്യം കുട്ടികൾക്ക് പ്രശ്നമാവാതെ അവരെ എങ്ങനെ വളർത്തണമെന്ന് ഉമ്മമാർക്കറിയില്ലെങ്കിൽ ഭർത്താവ് മാത്രമല്ല ആശ്രയമാകേണ്ട മക്കളും നഷ്ടമാകും. സംഭവിച്ചതിതാണ്. മകൻ വന്ന് ചോദിക്കും: 'ഉമ്മാ എനിക്ക് പത്ത് രൂപ വേണം.' അപ്പോൾ ഉമ്മയുടെ പ്രതികരണം 'കുട്ടീ, ഞാനെവിടെ നിന്നാണ് നിനക്ക് പണം തരുന്നത്. നിന്റെ ബാപ്പയില്ലല്ലോ? ആരെങ്കിലും തന്നിട്ട് വേണ്ടേ?' എന്നായിരിക്കും.

പക്ഷേ, അവരറിയുന്നില്ല; ബാപ്പയുടെ വേർപാട് മകനെ താൻ ഓർമപ്പെടുത്തുകയാണെന്ന്. ഉമ്മയുടെ മാനസിക വിഷമം ഇടയ്ക്കിടക്ക് അവനെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നതിലേക്കെത്തിക്കും. അപ്പോഴും ഉമ്മ പറയുന്നത് 'ബാപ്പ മരിച്ചപ്പോൾ നിന്നിലായിരുന്നു പ്രതീക്ഷ. പക്ഷേ, നീ പഠനം നിർത്തി. ഇനി നമ്മൾ എന്തുചെ

നാസിർ ബാലുശ്ശേരി
mail@nerpatham.com

# സമയത്തിന്റെ വിലയറിഞ്ഞ് ജീവിക്കുക

ഒരു നിമിഷംകൊണ്ട് എന്തു ചെയ്യാൻ സാധിക്കും? ഒന്നും ചെയ്യാൻ കഴിയില്ലെന്ന് ഒരാൾ പറഞ്ഞാൽ അയാളെക്കാൾ വലിയ ഒരു പോയത്തക്കാരൻ ഈ ഉലകത്തിലില്ലെന്ന് പറയേണ്ടിവരും. കാരണം വിവരസാങ്കേതിക വിദ്യയുടെ നെറുകയിലിരിക്കുന്ന ആധുനിക മനുഷ്യന് ഒരു സെക്കന്റു കൊണ്ട് അനന്ത സാധ്യതകളുള്ള പല പ്രവർത്തനങ്ങളും നിഷ്പ്രയാസം ചെയ്യാൻ സാധിക്കും. തന്റെ പോക്കറ്റിലുള്ള ഒരു ആൻഡ്രോയിഡ് ഫോണോ തന്റെ മേശപ്പുറത്ത് സ്ഥാപിച്ചിട്ടുള്ള കംപ്യൂട്ടറോ സമർഥമായി പ്രയോജനപ്പെടുത്തി ലോകത്തുടനീളം നന്മയുടെ മൊഴിമുത്തുകൾ വാരിവിതറാൻ അവനു സാധിക്കും. ലക്ഷക്കണക്കിന് ആളുകൾ ആ സന്ദേശം സ്വീകരിച്ച് നന്മയുടെ പൊൻകതിരുകൾ വിരിയുന്ന കോടിണക്കിന് ചന്തമേറിയ ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്യും.

അതേപ്രകാരം തന്നിലൂടെ പുറത്തുവരുന്ന ഒരു വിഷവചനത്തിലൂടെയോ ആധുനിക സങ്കേതങ്ങളുടെ തെറ്റായ ഉപയോഗപ്പെടുത്തലിലൂടെയോ അനേകായിരം മനുഷ്യമക്കളെകൊന്നൊടുക്കാനും തലമുറതലമുറയായി നീണ്ടുനിൽക്കുന്ന മഹാമാരികൾ വാരിവിതറാനും മനുഷ്യനിന്നു സാധിക്കും. ജീവിതത്തിലെ ഓരോ നിമിഷവും ചെയ്യുന്ന ഓരോ പ്രവർത്തനവും വിലപ്പെട്ടതാണെന്നർഥം. അതുകൊണ്ട് നാം സമയത്തെപ്പറ്റിയും നമ്മുടെ ചെയ്തികളെപ്പറ്റിയും ബോധവാന്മാരാകണം.

നമ്മുടെ അനുമതിയോ അറിവോ അപേക്ഷയോ ഇല്ലാതെ മഹത്തായ ഈ ജീവിതത്തെ സമ്മാനിച്ച രക്ഷിതാവിനെയോർത്ത് സദ്വചനങ്ങളിലൂടെയും സൽകർമങ്ങളിലൂടെയും ഓരോ നിമിഷത്തെയും സമ്പന്നമാക്കണം. അക്രമത്തിന്റെയും അധർമത്തിന്റെയും അനാശാസ്യപ്രവർത്തനങ്ങളുടെയും മേഖലകളിൽനിന്നും പരിപൂർണമായും അകന്നു നിൽക്കണം. ഒരു ദിനം അസ്തമിച്ചൊടുങ്ങുമ്പോൾ ശരിയാംവിധം മൂല്യനിർണയം നടത്തണം. ജീവിതത്തിന്റെ ഓരോ ഘട്ടവും പിന്നിടുമ്പോൾ പൂർവഘട്ടങ്ങളിൽ ചെയ്ത നന്മകളെ ഓർത്തെടുക്കാനും ആത്മനിർവൃതിയോടെ സ്വർഗത്തെ സ്വപ്നം കാണാനും നമുക്ക് സാധിക്കണം. അങ്ങനെയുള്ളവനാണ് ശരിയായ വിശ്വാസി.

ആകാശം പൊട്ടിപ്പിളരുമ്പോൾ, നക്ഷത്രങ്ങൾ ഉതിർന്നു വീഴുമ്പോൾ, പർവതങ്ങൾ ഇടിച്ചു പൊടിക്കപ്പെടുമ്പോൾ...നിർഭയനായി റബ്ബിനെ കണ്ടുമുട്ടുന്ന സൗഭാഗ്യവാനായ സത്യവിശ്വാസി.

"തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സൽക്കാരം നൽകാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അതിൽ നിന്ന് വിട്ട് മാറാൻ അവർ ആഗ്രഹിക്കുകയില്ല. നബിയേ,) പറയുക: സമുദ്രജലം എന്റെ രക്ഷിതാവിന്റെ വചനങ്ങളെഴുതാനുള്ള മഷിയായിരുന്നെങ്കിൽ എന്റെ രക്ഷിതാവിന്റെ വചനങ്ങൾ തീരുന്നതിന് മുമ്പായി സമുദ്രജലം തീർന്ന് പോകുക തന്നെ ചെയ്യുമായിരുന്നു. അതിന് തുല്യമായ മറ്റൊരു സമുദ്രം കൂടി നാം സഹായത്തിനു കൊണ്ട;വന്നാലും ശരി. (നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ" (ക്വുർആൻ 18: 107-110).

യ്യും?' എന്നായിരിക്കും. ബാപ്പയുടെ ഭാരം ഈ ചെറുപ്പത്തിൽ തന്നെ ഞാൻ വഹിക്കേണ്ടി വന്നല്ലോ എന്ന വേദനയേറിയ ചിന്ത അവനെ വീണ്ടും തളർത്തും.

വിധവയായ ഉമ്മക്കുണ്ടാവേണ്ടത്; അല്ല! ജീവിതത്തിൽ ദുരന്തങ്ങൾ സംഭവിച്ചവർക്കല്ലാം ഉണ്ടാവേണ്ടത്, ഉള്ളതിൽ സംതൃപ്തിപ്പെടാനും ആത്മവിശ്വാസത്തോടെയും ആത്മധൈര്യത്തോടെയും ജീവിക്കാൻ കഴിയുക എന്നതാണ്. ഈ സഹോദരിക്ക് തന്നെ സ്വന്തമായൊരു വീട് ഭർത്താവിന്റെ മരണശേഷം ലഭിച്ചു. രണ്ടു മക്കളിൽ ഒന്ന് ആണും മറ്റേത് പെണ്ണുമാണ്. ജീവിതാവശ്യങ്ങൾ ഒരു സന്നദ്ധസംഘടന ഏറ്റെടുത്ത് നടത്തുന്നു. ഇപ്പോൾ പ്രത്യേകിച്ച് മാരകമായ അസുഖങ്ങളോ ബുദ്ധിമുട്ടുകളോ ഇല്ല. എന്നിട്ടും മുഖത്ത് നിരാശയും അസംതൃപ്തിയും പ്രകടമായി കാണുന്നു!

വേദനകളിൽ പ്രതിഫലമാഗ്രഹിച്ച്, പ്രതീക്ഷയോടെയും സന്തോഷത്തോടെയും വിധവകൾ ജീവിച്ചാൽ ആ സന്തോഷം മക്കളിൽ പ്രകടമാകും. നിരാശയും കുറ്റപ്പെടുത്തലുകളും പരാതികളുമായി ജീവിച്ചാൽ ഉപ്പയും ഉമ്മയും നഷ്ടപ്പെട്ടപോലെ കുട്ടികൾക്ക് തോന്നുകയും അവർ മാനസികമായി തളരുകയും ചെയ്യും. അതാണ് ഈ കുട്ടിക്ക് സംഭവിച്ചത്.

അബൂഫായിദ
mail@nerpatham.com



# മാലിന്യങ്ങൾ എന്തു ചെയ്യും?



ശരീഫ മിടുക്കിയായ കുട്ടിയാണ്. നന്നായി പഠിക്കും. അവൾക്ക് വിശാലമായ ഒരു മുറിയുണ്ട്. അതിലാണ് അവൾ കളിക്കുന്നതും ഉറങ്ങുന്നതും പഠിക്കുന്നതുമെല്ലാം.

തന്റെ മുറി എപ്പോഴും ഭംഗിയുള്ളതും വൃത്തിയുള്ളതുമായിരിക്കണമെന്ന് ശരീഫക്ക് നിർബന്ധമുണ്ട്. അത് കൊണ്ട് തന്നെ അവൾ മുറിയുടെ ചുമരിലോ മറ്റോ കുത്തിവരക്കാറില്ല.

ഒരു ദിവസം ശരീഫയുടെ അമ്മായിയുടെ മക്കളായ ജമാലും ജുമാനയും കളിക്കാനായി വന്നു. നമുക്ക് പുറത്ത് പോയി കളിക്കാമെന്ന് ശരീഫ പറഞ്ഞിട്ടും അവരത് കേട്ടില്ല. അവർ മുറിയിൽ ബോൾ തട്ടിക്കളിച്ചു. മുറിയാകെ അലങ്കോലമായി. ഐസ്ക്രീമും ലൈസുമൊക്കെ തിന്നതിന്റെ അവശിഷ്ടങ്ങൾ മുറിയിൽ ചിതറിക്കിടന്നു. മുറി വൃത്തികേടാക്കരുതെന്ന് പറഞ്ഞിട്ടും അവരത് കേട്ടില്ല. തന്റെ വീട്ടിലേക്ക് വന്നവരല്ലേ, അതിഥികളോട് മാന്യമായി പെരുമാറണമെന്നാണല്ലോ നബിﷺ പഠിപ്പിച്ചിട്ടുള്ളത്. അത് കൊണ്ട് ശരീഫ അവരോട് കയർത്തു സംസാരിച്ചില്ല.

ജമാലും ജുമാനയും കളി മതിയാക്കി പിരിഞ്ഞു പോയതിനുശേഷം ശരീഫ തന്റെ മുറി വൃത്തിയാക്കാൻ തുടങ്ങി. താഴെ വീണുകിടക്കുന്ന വസ്തുക്കൾ യഥാസ്ഥാനത്ത് എടുത്ത് വെച്ചു. ചപ്പുചവറുകളെല്ലാം അടിച്ചുവാരിക്കൂട്ടി.

ഇതെല്ലാം എന്തു ചെയ്യും? കൂടുതൽ ആലോചിക്കാതെ അവൾ തുറന്നു കിടക്കുന്ന ജനാലവഴി ചപ്പുചവറുകൾ പുറത്തേക്കെറിയാൻ തുടങ്ങി. റോട്ടിലേക്കാണത് ചെന്നു വീഴുക., ആ സമയത്താണ്

ശരീഫയുടെ ബാപ്പ അവിടേക്ക് വന്നത്.

“മോളേ, എന്താണ് നീ കാണിക്കുന്നത്? മാലിന്യങ്ങൾ പുറത്തേക്കെറിയുകയോ?''- അദ്ദേഹം ചോദിച്ചു.

“അതെ ബാപ്പാ, അതിലെന്താ തെറ്റ്? ഞാനെന്റെ മുറി വൃത്തിയാക്കുകയല്ലേ”- ശരീഫ നിഷ്കളങ്കമായി ചോദിച്ചു.

“മോളേ നീ ചിന്തിച്ചു നോക്ക്. ഇത് നിന്റെ മുറിയല്ലേ?”

“അതെ ബാപ്പാ!! അത് കൊണ്ടാണല്ലോ മാലിന്യങ്ങൾ എന്റെ മുറിയിൽ നിന്ന് ഒഴിവാക്കാൻ ഞാൻ ഒരുങ്ങിയത്.”

“ഒന്ന് കൂടി ചിന്തിച്ചു നോക്കൂ, ആ കാണുന്നത് നമ്മുടെ റോഡല്ലേ? ഓരോരുത്തരും അവരവരുടെ വീടുകളിൽ നിന്ന് ഇങ്ങനെ മാലിന്യങ്ങൾ റോഡിലേക്കെറിഞ്ഞാൽ എന്തായിരിക്കും റോഡിന്റെ സ്ഥിതി?”

“ബാപ്പാ അത് ശരിയാണ്! അത്രക്കു ഞാൻ ചിന്തിച്ചില്ല. നമ്മുടെ റോഡ് വൃത്തിയുള്ളതായിരിക്കണമെന്ന് തന്നെയാണ് എന്റെയും ആഗ്രഹം. അല്ലെങ്കിൽ യാത്രക്കാർക്ക് വല്ലാത്ത ബുദ്ധിമുട്ടായിരിക്കും.”

“മോളേ, നമ്മുടെ നാട്ടിലെ എല്ലാ റോഡുകളും വഴികളും വൃത്തിയുള്ളതായിരിക്കണം. എല്ലാവരും മനസ്സുവെച്ചാലേ അത് നടക്കൂ.”

“എങ്കിൽ ബാപ്പാ, നമുക്ക് മാലിന്യങ്ങൾ അടുത്തുള്ള പുഴിയിലെറിഞ്ഞാലോ? ഒഴുക്കിൽ പെട്ട് അവ ദൂരെയെവിടെയെങ്കിലും എത്തും.”

“വേണ്ട മോളേ, പുഴയും നമ്മുടേതാണ്. പുഴ മലിനമായാൽ അതിലെ മത്സ്യങ്ങൾക്ക് രോഗം ബാധിക്കും. അവ കൂട്ടത്തോടെ ചത്തടിയും.”

“അത് ശരിയാണ് ബാപ്പാ! ഏതോ ഫാക്ടറിയിൽ നിന്ന് വിഷ ജലം ഒഴുക്കിയതിനാൽ ഒരു പുഴയിലെ മത്സ്യങ്ങൾ ചത്ത് പൊങ്ങുകയും അതിൽ കുളിച്ച ആളുകൾക്ക് അസുഖം ബാധിക്കുകയും ചെയ്ത വാർത്ത കുറച്ച് ദിവസം മുമ്പ് പത്രത്തിൽ വന്നിരുന്നു.”

“മിടുക്കി, അതെല്ലാം ഓർത്തു വെക്കുന്നല്ലോ. വളരെ നല്ലത്. ഒരു പാട് വീട്ടുകാർ കുടിവെള്ളമായി ഉപയോഗിക്കുന്നത് ഈ പുഴയിലെ വെള്ളമാണെന്നോർക്കണം.”

“എങ്കിൽ എനിക്ക് ഒരു ഐഡിയ തോന്നുന്നു...!”

“അതെന്താണ് മോളേ?”

“നമുക്ക് ഈ പ്ലാസ്റ്റിക്കും കടലാസുമടങ്ങിയ ചവറുകൾ കത്തിച്ചു കളയാം. അങ്ങേവീട്ടിലെ നഫീസത്താത്ത അതാണല്ലോ ചെയ്യാറുള്ളത്.”

“അരുത് മോളേ, കത്തിക്കേണ്ട! നഫീസത്താത്ത വായു മലിനമാക്കുകയാണ് ചെയ്യുന്നത്. പ്ലാസ്റ്റിക്കും മറ്റും കത്തിക്കുമ്പോഴുണ്ടാകുന്ന രൂക്ഷ ഗന്ധവും പുകയും നീ ഇഷ്ടപ്പെടുന്നുണ്ടോ? മലിന വാതകങ്ങൾ പല രോഗങ്ങൾക്കും കാരണമായിത്തീരും മോളേ.”

“അത് ശരിയാണ്, സ്കൂളിൽ നിന്നും ഖദീജ ടീച്ചർ ആ കാര്യം പറഞ്ഞു തന്നിട്ടുണ്ട്. മലിന വാതകങ്ങൾ നമ്മുടെ കൃഷിയെ പോലും മോശമായി ബാധിക്കും. പക്ഷികൾക്ക് പോലും അത് പ്രയാസമുണ്ടാക്കും.”

“മോളേ, ഇപ്പോൾ നീ നന്നായി ചിന്തിക്കുന്നു. എന്റെ മോൾ മിടുക്കി തന്നെ.”

“താങ്ക്യൂ ബാപ്പാ..! ഇപ്പോൾ ഈ ചവറുകൾ നാം എന്തുചെയ്യും?”

“കുട്ടീ, ഏതൊരു പാഴ്‌വസ്തുവും എറിഞ്ഞു കളയും മുമ്പ് നീ ചിന്തിക്കണം. നിന്നോട് തന്നെ രണ്ടു ചോദ്യങ്ങൾ ചോദിക്കണം.”

“ഏതാണ് ബാപ്പാ ആ രണ്ട് ചോദ്യങ്ങൾ?”

“ഈ വസ്തുകൊണ്ട് ഉപകാരപ്രദമായ വല്ലതും ഉണ്ടാക്കാൻ പറ്റുമോ എന്നതാണ് ഒരു ചോദ്യം.”

“രണ്ടാമത്തേതോ?”

“മറ്റുള്ളവർക്ക് അതുകൊണ്ട് വല്ല ഉപകാരവും നൽകാൻ സാധിക്കുമോ എന്നതാണ് രണ്ടാമത്തേത്.”

“പാഴ്‌വസ്തുക്കൾ, മാലിന്യങ്ങൾ തുടങ്ങിയവയെ മറ്റേതെങ്കിലും തരത്തിൽ ഉപകാരമുള്ളതാക്കി മാറ്റിയെടുക്കുന്നതിനെ കുറിച്ചാണോ ബാപ്പ പറയുന്നത്?”

“അതെ, അതു തന്നെ!”

“ഇപ്പോൾ എനിക്ക് കാര്യങ്ങൾ മനസ്സിലായി. എന്നാൽ നമുക്ക് ഇതൊക്കെ എങ്ങനെ ചെയ്യാൻ പറ്റും.”

“പഞ്ചായത്തുകളും നഗര സഭകളുമൊക്കെ മാലിന്യങ്ങൾ ശേഖരിക്കുവാൻ സ്ഥാപിച്ചിട്ടുള്ള ബോക്സുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്.”


“നാം ഉപേക്ഷിക്കുന്ന ഈ വസ്തുക്കൾക്കൊക്കെ പിന്നീട് എന്താണ് സംഭവിക്കുന്നത് ബാപ്പാ?”

“നാളെ നമുക്ക് മാലിന്യ സംസ്ക്കരണ പ്ലാന്റ് കാണാൻ പോകാം. അപ്പോൾ നിനക്ക് കാര്യങ്ങൾ എല്ലാം വ്യക്തമായി മനസ്സിലാകും.”

പിറ്റേ ദിവസം ശരീഫ പിതാവിന്റെ കൂടെ മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ചു. ജൈവ മാലിന്യങ്ങളിൽ നിന്ന് ജൈവ വളം നിർമിക്കുന്നതും പ്ലാസ്റ്റിക്കും മറ്റു വസ്തുക്കളും വേർതിരിച്ചെടുത്ത് ശുദ്ധീകരിച്ച് ഉപകാരപ്രദമായ വസ്തുക്കളാക്കി പുനർനിർമിക്കുന്നതുമെല്ലാം അവർ കണ്ടു മനസ്സിലാക്കി.

പാഴ് വസ്തുക്കൾ കൊണ്ട് നിർമിച്ച ഭംഗിയുള്ള ഒരു ബേഗും ഫ്ളവർ പോട്ടും ബാപ്പ വാങ്ങിക്കൊടുത്തപ്പോൾ ശരീഫ അതിയായി സന്തോഷിച്ചു. ഇതൊക്കെ തന്റെ കൂട്ടുകാരികളോട് പറഞ്ഞു കൊടുക്കാനുള്ള തിടുക്കവുമായി ശരീഫ തന്റെ പിതാവിന്റെ കൂടെ വീട്ടിലേക്ക് മടങ്ങി.

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com




# എന്തുകൊണ്ട് നേർപഥം?

നേര് പറയാൻ തന്നെ എന്നതാണ് അതിനുള്ള ഉത്തരം!

കാരണം നേരിന് വേണ്ടി നിലകൊള്ളുമെന്ന് ഉറപ്പു നൽകിയ ആനുകാലികങ്ങളിൽ പലതും ദൗത്യനിർവഹണത്തിൽ ഉത്തരവദിത്തം മറന്ന് ഇരയോടൊപ്പം ഓടുകയും വേട്ടക്കാരന്റെ ലക്ഷ്യം നേടിക്കൊടുക്കുകയും ചെയ്യുന്ന ദയനീയ സാഹചര്യം സംജാതമായി.

പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന പരിമിതമായ വിവരങ്ങൾ കൊണ്ട് മാത്രം ചിന്തയെ രൂപപ്പെടുത്താൻ സാധിക്കുന്ന ദുർബലനായ മനുഷ്യന് മനുഷ്യ കരങ്ങളാൽ വിരചിതമായ രചനകളിൽനിന്ന് നേരിന്റെ വഴി കണ്ടെത്താൻ സാധ്യമല്ല.

ഏതൊരു ഉപകരണവും നന്നാക്കിയെടുക്കാനുള്ള മാർഗനിർദേശം നൽകാൻ കഴിവുള്ളവൻ അതിന്റെ നിർമാതാവാണ്. മനുഷ്യനെ നന്നാക്കാൻ മനുഷ്യന്റെ സ്രഷ്ടാവിന്റെ മാർഗദർശനത്തിലൂടെ മാത്രമെ സാധിക്കൂ. സ്രഷ്ടാവ് മനുഷ്യരെ നേരിലേക്ക് നയിക്കാൻ മുഹമ്മദ് നബിﷺയിലൂടെ അയച്ച് തന്ന അവസാന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർ

ആൻ. അതിന്റെ വിശദീകരണമാണ് ഹദീഥുകൾ.

ഇവ രണ്ടുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ. നേരിന്റെ വിളക്കുമാടങ്ങൾ. അവയിൽ നിന്ന് സ്ഫുരിക്കുന്ന നേരിന്റെ വെളിച്ചമാണ് മനുഷ്യന്റെ വഴികാട്ടി.

ക്വുർആനും സുന്നത്തും തന്നിഷ്ടപ്രകാരം വ്യാഖ്യാനിച്ചപ്പോഴാണ് നേരിന്റെ ശോഭ മങ്ങിയതായി കാണാനായത്. തെറ്റുധാരണകളുണ്ടായത്. സമാധാനത്തിന്റെ ഇസ്‌ലാം ഭീതിയുടെ പ്രത്യയശാസ്ത്രമായി വ്യാഖ്യാനിക്കപ്പെട്ടത്. തെളിഞ്ഞ വിശ്വാസത്തിലേക്ക് അന്ധവിശ്വാസങ്ങൾ അരിച്ചെത്തിയത്. വിമോചനത്തിന്റെ വഴിയിൽ ചൂഷണത്തിന്റെ മുള്ളുകൾ വിതറപ്പെട്ടത്. സത്യത്തിന്റെ സരണിയിൽ അസത്യം പിടിമുറുക്കിയത്.

പരിഹാരം ഒന്നേയുള്ളൂ.

സ്വന്തമായ വ്യാഖ്യാനങ്ങൾ വെടിഞ്ഞ് പ്രവാചകന്റെ കൂടെ സഹവസിച്ച ആദ്യ തലമുറയിലെ പ്രഥമ സംബോധിതർ ഉൾക്കൊണ്ടതു പോലെ ഇസ്‌ലാമിക പ്രമാണങ്ങളെ സ്വീകരിക്കാൻ തയ്യാറാവുക. മുൻഗാമികൾക്ക് അറബി ഭാഷയിൽ 'സലഫു'കൾ എന്ന് പറയും. 'മൻഹജുസ്സലഫ്' എന്നാൽ മുൻഗാമികളുടെ മാർഗം. അതൊരു പുതിയ പ്രമാണമല്ല. പ്രമാണം സ്വീകരിക്കാനുള്ള മാനദണ്ഡം മാത്രമാണ്. സലഫുകളുടെ മാർഗം പിൻപറ്റുന്നവരാണ് സലഫികൾ എന്ന പേരിൽ അറിയപ്പെടുന്നത്. ലോകത്തെവിടെയെങ്കിലും ഇപ്പോൾ നിലനിൽക്കുന്ന സലഫി എന്ന പേരിലുള്ള സംഘങ്ങളെ പിൻപറ്റുകയെന്നതല്ല സലഫി മാർഗം പിൻതുടരുകയെന്നതുകൊണ്ട് അർഥമാക്കുന്നത്. പ്രവാചകന്റെയും അനുചരന്മാരുടെയും കാലത്ത് എങ്ങനെയാണോ ഇസ്‌ലാം നിലനിന്നിരുന്നത് അതിനെ അങ്ങനെത്തന്നെ മനസ്സിലാക്കി പിൻപറ്റുകയെന്ന അർഥമാണ് അതിനുള്ളത്.

സലഫികൾ അഹ്‌ലുസ്സുന്നഃ വൽ ജമാഅഃ എന്നും അറിയപ്പെടുന്നു. ഇസ്‌ലാമിന്റെ ഒറിജിനൽ മുഖമാണ് സലഫികളുടെത്. ഇസ്‌ലാമിനെ പുറത്ത് നിന്ന് തകർക്കുക സാധ്യമല്ലന്ന് തിരിച്ചറിഞ്ഞ ശത്രുക്കൾ മുസ്‌ലിം സമുദായത്തിനുള്ളിലേക്ക് നുഴഞ്ഞുകയറി രൂപം നൽകിയ പിഴച്ച വഴിയാണ് ശീഇസം. ശിയാക്കളുടെ ഉൽപന്നമാണ് സ്വൂഫിസം. അതിലൂടെയാണ് ഇസ്‌ലാം വിരോധിച്ച ക്വബ്ർ പൂജ, ബഹുദൈവത്വം, ശകുനം നോക്കൽ തുടങ്ങിയ അനേകം പിഴച്ച വിശ്വാസങ്ങളും അനാചാരങ്ങളും സമുദായത്തിലേക്ക് കടന്നുവന്നത്.

സർവ ചൂഷണങ്ങളുടെയും വേരറുക്കുന്ന ഇസ്‌ലാമിനെ തകർക്കുകയെന്നത് സാമ്രാജ്യത്വ അജണ്ടയാണ്. സ്വൂഫി ഇസ്‌ലാമിനെ അകമഴിഞ്ഞ് സഹായിച്ചുകൊണ്ടും ഇസ്‌ലാമിന്റെ യഥാർഥ മുഖം സ്വൂഫികളുടെതാണെന്ന് പ്രചരിപ്പിച്ചുകൊണ്ടുമാണ് അവർ ലക്ഷ്യം നേടാൻ ശ്രമിക്കുന്നത്.

സ്വാഭാവികമായും യഥാർഥ ഇസ്‌ലാമിന്റെ വക്താക്കളായ സലഫികളെ കടന്നാക്രമിക്കൽ അവർക്ക് നിർബന്ധമാണ്.

അതിന്റെ ഭാഗമാണ് സലഫികൾക്ക് നേരെയുള്ള തീവ്രവാദ ആരോപണം. ഐ.എസ് പോലുള്ള ഭീകര സംഘങ്ങൾ സലഫികളായി അഭിനയിച്ച് നടത്തിയ നാടകങ്ങളുടെ മുഖമൂടി അഴിച്ചത് സലഫികളായിരുന്നല്ലൊ!

ഐ.എസ്സിനെ ആശയപരമായി എതിർത്ത് രംഗത്തു വന്നത് സലഫികളാണ്. മുസ്‌ലിംകളുടെയും ഇസ്‌ലാമിന്റെയും നാശമാണ് അവരുടെ ലക്ഷ്യമെന്നതിന്റെ പ്രധാന തെളിവാണല്ലൊ മസ്ജിദുന്നബവിയിൽ പോലും നടത്തിയ ചാവേറാക്രമണം. അവർ വധിച്ചതിൽ മഹാഭൂരിപക്ഷവും മുസ്‌ലിംകളാണെന്നറിയുമ്പോൾ ഐ.എസ് ഇസ്‌ലാം വിരുദ്ധ ശക്തികളുടെ മുസ്‌ലിം വേഷമണിഞ്ഞ ചട്ടുകം മാത്രമാണന്ന് ബുദ്ധിയുള്ളവർക്ക് വിലയിരുത്താൻ പ്രയാസമുണ്ടാവില്ല.

ഇസ്‌ലാമിക പ്രമാണങ്ങളെ സച്ചരിതരായ മുൻഗാമികളുടെ പാതയനുസരിച്ച് സ്വീകരിക്കണമെന്ന അർഥത്തിലാണ് കേരളത്തിലെ മുജാഹിദുകൾ സലഫികൾ എന്ന പേരിൽ അറിയപ്പെട്ടത്. ഇസ്‌ലാം വിരുദ്ധ ശക്തികൾ സലഫി, മുജാഹിദ് പോലുള്ള പേരുകൾ ദുരുപയോഗം ചെയ്ത് ഭീതി പരത്തുന്നതിന് കേരളത്തിലെ മുജാഹിദുകൾ എങ്ങനെയാണ് കുറ്റക്കാരാകുന്നത്? തിന്മക്കെതിരെ നന്മയ്ക്കു വേണ്ടി പരമാവധി പരിശ്രമിക്കുകയെന്ന അർഥത്തിലാണ് മുജാഹിദ് എന്ന പദം ഉപയോഗിക്കുന്നത്.

ദേശീയ തലത്തിൽ മൗലാനാ അബുൽ കലാം ആസാദ്, സ്വാതന്ത്ര്യസമര സേനാനികളായ ഇ.മൊയ്തു മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, വക്കം അബ്ദുൽ ഖാദർ മൗലവി, കെ.എം സീതി സാഹിബ്, നവോത്ഥാന പണ്ഡിതന്മാരായ കെ.എം മൗലവി, ഇ.കെ മൗലവി, ശൈഖ് ഹമദാനി തങ്ങൾ, പറപ്പൂർ അബ്ദുറഹ്മാൻ മൗലവി, എൻ.വി.അബ്ദുസ്സലാം മൗലവി, കെ.ഉമർ മൗലവി, ഡോ: ഉസ്മാൻ സാഹിബ്, കെ.പി മുഹമ്മദ് മൗലവി തുടങ്ങിയ സാത്വികരായ പണ്ഡിതന്മാർ നേതൃത്വം നൽകി വളർത്തിയെടുത്ത പ്രസ്ഥാനമാണ് മുജാഹിദ് പ്രസ്ഥാനം. മുജാഹിദുകളുടെ പ്രവർത്തനം സത്യസന്ധവും സുതാര്യവുമായ തുറന്ന പുസ്തകമായതുകൊണ്ടാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മുജാഹിദ് എന്ന പേര് തീവ്രതയുടെ പര്യായമായി വിവക്ഷിക്കപ്പെട്ടപ്പോഴും കേരളത്തിലെ മുജാഹിദുകളെക്കുറിച്ച് അങ്ങനെ ഒരു തോന്നൽ ഇല്ലാതിരുന്നത്. സലഫി എന്ന പേര് ദുരുപയോഗം ചെയ്ത് ആരൊക്കെ തെറ്റുധാരണ പരത്താൻ ശ്രമിച്ചാലും കേരളത്തിലെ സലഫികളുടെ സുതാര്യത തിരിച്ചറിയാനുള്ള വിവേകം

ഉത്ബുദ്ധമായ കേരള സമൂഹത്തിനുണ്ട്.

കാലം പിന്നിടുമ്പോൾ കൂട്ടായ്മകൾ ദൗത്യം വിസ്മരിച്ചു പോവുകയെന്നത് ചരിത്രത്തിന്റെ ആവർത്തനമാണ്. കേരളത്തിലെ മുജാഹിദുകളിലും അത് സംഭവിച്ചു. 2002ൽ ഒരു വിഭാഗം വഴിപിരിഞ്ഞു.മർക്കസുദ്ദഅ്‌വ കേന്ദ്രമായി പ്രവർത്തിച്ച ഇക്കൂട്ടർ അറിയപ്പെട്ടത് 'മടവൂർ വിഭാഗം' എന്ന പേരിലായിരുന്നു. നേരിന്റെ കൈത്തിരിയായി മുജാഹിദുകൾ കേരളത്തിൽ കത്തിച്ച് വെച്ച വിളക്കായിരുന്നു ശബാബ് വാരിക. 2002ലുണ്ടായ പ്രശ്നത്തിൽ 'ശബാബ്' പ്രസ്ഥാനത്തിന് സമ്പൂർണമായി നഷ്ടപ്പെട്ടു. വിടവ് നികത്താൻ 'വിചിന്തനം' വാരിക പകരം വന്നു. പത്ത് വർഷം പിന്നിട്ടപ്പോൾ ശബാബിന്റെ അതേ വീക്ഷണത്തിലേക്ക് വിചിന്തനവും ചുവടുകൾ വെച്ചു. 2016 ഡിസംബർ 5ന് രണ്ട് വാരികകളുടെയും ലയനം പൂർത്തിയായി. രണ്ടും ഒരുമിച്ചിട്ട് പോലും ക്വുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ട ആശയങ്ങളെ സധൈര്യം തുറന്ന് പറയാൻ അവർക്കാവുന്നില്ല!

ഇസ്‌ലാമിക വിരുദ്ധമായ ആശയങ്ങൾ തൗഹീദിന്റെ വിഷയത്തിൽ പോലും എഴുതുകയും നവോത്ഥാനത്തിന്റെ പേര് പറഞ്ഞ് ന്യായീകരിക്കുകയും ചെയ്യുന്ന ദുരവസ്ഥ. തീർച്ചയായും ഈ ദുരവസ്ഥക്കുള്ള പരിഹാരമാണ് 'നേർപഥം.'

അജ്ഞത ഇരുട്ടും വിജ്ഞാനം വെളിച്ചവുമാണ്. അജ്ഞതയെക്കുറിച്ചുള്ള അജ്ഞതയാണ് അറിവിന്റെ ശത്രു. 'നേർപഥം' നേരിന്റെ താക്കോലുകൊണ്ട് അജ്ഞതയുടെ പൂട്ട് തുറക്കാൻ ഉദ്ദേശിക്കുന്നു.

സത്യത്തിന്റെ നിർഭയമായ സാക്ഷാത്കാരം. സച്ചരിതരായ സലഫുകളുടെ മാർഗമവലംബിച്ചു കൊണ്ട് ക്വുർആനിനെയും സുന്നത്തിനെയും നേർക്കുനേരെ പരിചയപ്പെടുത്തുന്ന വാരിക.

വ്യക്തി, കുടുംബം, സമൂഹം എന്നീ മേഖലകളിൽ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പ്രമാണത്തിലൂന്നിയ പരിഹാരങ്ങൾ നേർപഥത്തിൽ പ്രതീക്ഷിക്കാം. ഇന്ത്യയുടെ സമാധാനാന്തരീക്ഷം തകർക്കുന്ന ഏതൊരു നീക്കത്തെയും മതേതര സമൂഹത്തോടൊപ്പം ചേർന്ന് നിന്നു കൊണ്ട് ചെറുത്ത് തോൽപിക്കാൻ നേർപഥം മുൻനിരയിലുണ്ടാകും. തീവ്രവാദത്തിന് വേണ്ടി ഇസ്‌ലാമിക പ്രമാണങ്ങളെ ദുരുപയോഗം ചെയ്യുന്നവർക്കുള്ള താക്കീതും തിരിച്ചറിവുമാണ് 'നേർപഥം.'

ആത്മീയതയുടെ പേരിലുള്ള സർവവിധ ചൂഷണങ്ങളുടെയും വലവിരിച്ച് പാവപ്പെട്ടവന്റെ സമ്പത്ത് കൊള്ളയടിക്കുന്ന പൗരോഹിത്യത്തിന് നിലയ്ക്കാത്ത തലവേദനയായിരിക്കും നേർപഥം. ഇസ്‌ലാമിന് നേരെ വരുന്ന വിമർശനങ്ങളുടെ നിജസ്ഥിതി അറിയാതെ പതറിപ്പോകുന്ന സാധാരണക്കാർക്ക് സത്യത്തിലേക്ക് പിടിച്ച് കയറാനുള്ള പിടിവള്ളിയായിരിക്കും 'നേർപഥം.' ഇസ് ലാമിന് നേരെ വരുന്ന വിമർശനങ്ങളെ പ്രതിരോധിക്കാൻ ക്ഷമാപണത്തിന്റെയും അപകർഷതാബോധത്തിന്റെയും ഭാഷ കടമെടുക്കുന്ന എഴുത്തുകാർക്കും പ്രഭാഷകർക്കും നേർപഥം നേരിന്റെ വഴി കാണിച്ച് ധൈര്യവും പുത്തൻ പ്രതീക്ഷയും പകർന്ന് നൽകും.

വിശ്വാസം, അന്ധവിശ്വാസം എന്നിവയെ കൂട്ടിക്കുഴച്ച് വായനക്കാരനെ വഴിതെറ്റിക്കുന്ന സാഹചര്യത്തെ പ്രമാണങ്ങൾ മുമ്പിൽ വെച്ച് നേര് നിർഭയമായി പറയുകയാണ് 'നേർപഥം.'

ചില കർമശാസ്ത്ര വിഷയങ്ങളിലെ വിശദാംശങ്ങളിൽ ഭിന്നമായ വീക്ഷണങ്ങൾ പണ്ഡിതന്മാർക്കിടയിൽ സ്വഭാവികമായും ഉണ്ടാകുന്നതിന്റെ മറപിടിച്ച് അഭിപ്രായ വ്യത്യാസത്തിന് യാതൊരു പഴുതുമില്ലാത്ത അടിസ്ഥാന വിഷയങ്ങളെക്കൂടി തള്ളിക്കളയുകയും പരിഹസിക്കുകയും ചെയ്യുന്ന അപകടകരമായ രചനകളുടെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ നേർപഥം പ്രതിജ്ഞാബദ്ധമായിരിക്കും.

ഗുണകാംക്ഷ കൈവിടതെ നേര് നിർഭയമായി പറയാനുള്ള ആർജവമാണ് നേർപഥത്തിന്റെ കൈമുതൽ. 'നേർപഥ'ത്തിന്റെ മുമ്പിൽ ശത്രുക്കളില്ല.

'നേർപഥ'ത്തെ പ്രശംസ കൊണ്ട് പൊതിയലല്ല അതിനോടുള്ള ഇഷ്ടം കാണിക്കാനുള്ള വഴി. തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിലൂടെയാണ് സ്നേഹം തെളിയിക്കേണ്ടത്. തെറ്റുകൾ മനുഷ്യസഹജമാണ്. 'നേർപഥ'വും അതിൽ നിന്ന് മുക്തമല്ല. മനഃപൂർവം തെറ്റ് വരുത്തില്ല. തെറ്റുകൾ സംഭവിച്ചാൽ അതിനെ ന്യായീകരിക്കാതെ തിരുത്താൻ ആർജവം കാണിക്കുമെന്നുറപ്പ്. ആർക്കുമത് ചൂണ്ടിക്കാണിക്കാം. പ്രമാണ വിരുദ്ധമാണന്നു ബോധ്യമായാൽ തിരുത്തിയിരിക്കും. നേരിനോട് മാത്രമാണ് 'നേർപഥ'ത്തിന് പ്രതിബദ്ധത. നന്മയാഗ്രഹിക്കുന്നവരുടെ പരിശ്രമങ്ങളും പ്രാർഥനയും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ◉

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly | EKP Building | Kallai Road Kozhikode | 673002 PIN | mail@nerpatham.com www.nerpatham.com

എസ്.എ
samakalikam@nerpatham.com



# ചരിത്രത്തിന്റെ പുനർനിർമിതി നൽകുന്ന അപായസൂചനകൾ

ഉന്നയിക്കുന്ന വാദങ്ങളെ ന്യായീകരിക്കാനായി ചരിത്ര സത്യങ്ങളുടെ ഒരു വശം മാത്രം കാണുന്നത് ശരിയല്ലെന്നും അഭിഭാഷകന്റെ മനസ്സല്ല ന്യായാധിപന്റെ നിഷ്പക്ഷ മനസ്സാണ് ഒരു ചരിത്രകാരന് ഉണ്ടാകേണ്ടതെന്നും രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി പ്രസ്താവിച്ചത് ഏറെ ശ്രദ്ധേയമാണ്. കേരള ഗവർണർ പി. സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരുടെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് നടന്ന 77ാമത് ചരിത്ര കോൺഗ്രസ്സ് ഉദ്ഘാടനവേളയിലാണ് രാഷ്ട്രപതിയുടെ പ്രസ്താവന.

ഭാരതത്തിന്റെ ചരിത്രവും പാരമ്പര്യവും വക്രീകരിക്കുകയും അവയെ പുനരാഖ്യാനിക്കുകയും ചെയ്തുകൊണ്ട് സാംസ്കാരികവും സാമൂഹികവുമായ ഗതിമാറ്റം അടിച്ചേൽപിച്ചുകൊണ്ടിരിക്കുന്ന വർത്തമാന ഇന്ത്യയുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവനക്ക് വലിയ പ്രസക്തിയുണ്ട്. ഇന്ത്യാ മഹാരാജ്യത്തിന്റെ സർവോന്മുഖമായ പുരോഗതിക്ക് ഒട്ടേറെ സംഭാവനകൾ നൽകിയ സമൂഹങ്ങളെയും വ്യക്തികളെയും തള്ളിപ്പറഞ്ഞു രാഷ്ട്രത്തിന്റെ അതിർത്തിക്ക് പുറത്ത് നിർത്തുവാനുള്ള ഗൂഢശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്നത് ചരിത്രകുതുകികൾക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.




പോയകാലത്തിന്റെ രേഖപ്പെടുത്തലും അതിനെക്കുറിച്ചുള്ള പഠനവുമാണല്ലോ ഹിസ്റ്ററി അഥവാ ചരിത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരുവന്റെ അന്വേഷണ പരീക്ഷണങ്ങളുടെ രേഖപ്പെടുത്തൽ എന്നർഥം വരുന്ന 'ഹിസ്റ്റോറിയ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് 'ഹിസ്റ്ററി' എന്ന വാക്ക് ഇംഗ്ലീഷിലെത്തിയത്. മനുഷ്യസമൂഹത്തിന്റെ മാത്രമല്ല പ്രപഞ്ചത്തിലാകെ ഉണ്ടാകുന്ന മാറ്റങ്ങളുടെ രേഖപ്പെടുത്തലാണ് ചരിത്രം. ഈ വിജ്ഞാനം സത്യസന്ധമല്ലെങ്കിൽ മുഴുവൻ തലമുറകളോടും ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കുമത്. അതോടൊപ്പം തങ്ങൾ ഉന്നയിക്കുന്ന പൊള്ളയായ വാദങ്ങളെ സത്യമെന്ന് 'ബോധ്യപ്പെടുത്തുവാൻ' വേണ്ടി മാത്രം ചരിത്രത്തിന്റെ പുതുവേർഷനുകൾ സൃഷ്ടിക്കുന്നത് അതിലും വലിയ പാതകമായിരിക്കുമെന്നത് പറയേണ്ടതില്ല. വിശ്രുതരായ ചരിത്രകാരന്മാരുടെ ശ്രമകരമായ അധ്വാനങ്ങളെയും ബൗദ്ധികമായ സംഭാവനകളെയും തമസ്കരിച്ചുകൊണ്ട് നിർവഹിക്കപ്പെടുന്ന ഇത്തരം ജുഗുപ്സാവഹമായ പ്രവർത്തനങ്ങൾക്ക് ഇന്ന് ബുദ്ധിജീവി മണ്ഡലങ്ങളിൽ പോലും സ്വീകാര്യതയുണ്ടാകുന്നു എന്നത് എത്രമാത്രം ഭീതിതമാണ്?!

മധ്യകാല ഇന്ത്യാചരിത്രത്തെ വളച്ചൊടിക്കുന്നതിനുവേണ്ടി സംഘപരിവാർ കേന്ദ്രങ്ങൾ പുതിയ ഗവേഷണകേന്ദ്രങ്ങൾ തുടങ്ങുകയും പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുകയും ചെയ്തിരിക്കുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. ഓരോ ദിവസവും പുതിയ പുതിയ വെളിപാടുകളും വെളിപ്പെടുത്തലുകളും നടത്തിക്കൊണ്ടിരിക്കുന്ന ഈ 'വെളിച്ചപ്പാടുകൾ' ചരിത്രത്തിന് തങ്കലിപികൾ സംഭാവന ചെയ്ത യുഗപുരുഷന്മാരെക്കുറിച്ചുള്ള വിദ്വേഷവും വെറുപ്പുമാണ് പുതുതലമുറക്ക് സമ്മാനിക്കുന്നത്. മഹാത്മജി അവമതിക്കപ്പെടുകയും ഗോഡ്സെ പ്രശംസിക്കപ്പെടുകയും ചെയ്യുന്ന തരത്തിലേക്ക് ചരിത്രത്തെ ഭാവിതലമുറക്ക് കൈമാറുന്ന ഗവേഷണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ തുടങ്ങിവെച്ച ഈ പ്രക്രിയയുടെ ദുരന്തഫലമായിരുന്നു മതേതര ഭാരതത്തിന്റെ പ്രതീകമായിരുന്ന ബാബരി മസ്ജിദിന്റെ പതനം. ഭരണരംഗത്ത് നിന്ന് ധൂർത്തിനെയും അഴിമതിയെയും ഒഴിവാക്കി ലളിതജീവിതത്തിലൂടെ മാതൃകാജീവിതം നയിച്ച ഔറംഗസേബിനെ വർഗീയവാദിയും മതഭ്രാന്തനുമായി ചിത്രീകരിക്കാനുള്ള വിഫലശ്രമങ്ങളാണ് പുതുചരിത്രത്തിന്റെ ഈ കുഴലൂത്തുകാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഗുജറാത്തിലെ മുൻ ഐ.പി.എസ് ഓഫീസർ കിഷോർ കുണാൽ രചിച്ച 'അയോധ്യ റി വിസിറ്റഡ്' എന്ന പുസ്തകം ഇയ്യിടെയാണ് പ്രകാശനം ചെയ്തത്. രാമക്ഷേത്രം തകർത്ത് അവിടെ മസ്ജിദ് പണിതതും ഔറംഗസേബായിരുന്നു എന്ന അതിവിചിത്രമായ വാദമാണ് ഗ്രന്ഥകാരൻ സമർഥിക്കാൻ ശ്രമിക്കുന്നത്. വിശ്വാസത്തിലൂന്നി അഴിമതികൾക്കെതിരെ ശബ്ദിച്ച് ജനക്ഷേമകരമായ ഭരണനവീകരണങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതിനുള്ള ശിക്ഷയാണ് ഔറംഗസീബിന് ഇവർ നൽകുന്നത്.

ലോകത്തിന്റെ നെറുകെയിൽ കേരളമെന്ന ഭൂപ്രവിശ്യക്കുള്ള സ്ഥാനം ലഭ്യമാക്കിയത് മൈസൂർ സുൽത്താന്മാരുടെ ഭരണകാലം തൊട്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. എല്ലാവരാലും ഒറ്റുകൊടുക്കപ്പെട്ടപ്പോഴും സർവായുധങ്ങളുമായി രണഭൂമിയിൽ പറന്നു പൊരുതി വീരമൃത്യു വരിച്ച ടിപ്പു സുൽത്താന്റെ ചരിത്രം ആധുനിക കേരളത്തിന്റെ വികസന പുരോഗതിയുടെ നാന്ദിയുടെ ചരിത്രമാണ്. കാർഷിക ബന്ധങ്ങളിലും ഭൂഉടമ വ്യവസ്ഥകളിലും ചരിത്രപരമായ പങ്കു നിർവഹിച്ച് ധർമവും നീതിയും നടപ്പാക്കുന്നതിലും ഗതാഗതം, തുറമുഖം, വാഹനങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിൽ നവചരിത്രം സൃഷ്ടിച്ചും വികസനപ്രവർത്തനങ്ങൾ അദ്ദേഹം കാഴ്ചവെച്ചു. മഞ്ചേരി അത്തൻ കുരിക്കൾ എന്ന ജന്മി മുസ്‌ലിം സമുദായത്തിൽ തനിക്കുണ്ടായിരുന്ന പ്രമാണിത്തവും സ്വാ

**ഗുജറാത്തിലെ മുൻ ഐ.പി.എസ് ഓഫീസർ കിഷോർ കുണാൽ രചിച്ച 'അയോധ്യ റി വിസിറ്റഡ് എന്ന പുസ്തകം ഇയ്യിടെയാണ് പ്രകാശനം ചെയ്തത്. രാമക്ഷേത്രം തകർത്ത് അവിടെ മസ്ജിദ് പണിതതും ഔറംഗസേബായിരുന്നു എന്ന അതിവിചിത്രമായ വാദമാണ് ഗ്രന്ഥകാരൻ സമർഥിക്കാൻ ശ്രമിക്കുന്നത്. വിശ്വാസത്തിലൂന്നി അഴിമതികൾക്കെതിരെ ശബ്ദിച്ച് ജനക്ഷേമകരമായ ഭരണനവീകരണങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതിനുള്ള ശിക്ഷയാണ് ഔറംഗസീബിന് ഇവർ നൽകുന്നത്.**



**തീവ്രവാദവും ഭീകരവാദവും ലോകത്തെ കീഴ്‌പ്പെടുത്താൻ ശ്രമിച്ചപ്പോഴൊക്കെയും അതിനെതിരെ അതിശക്തമായ നിലപാടുകൾ സ്വീകരിച്ചവരാണ് ലോകത്തെ സലഫിപണ്ഡിതന്മാർ. മതത്തിന്റെ യഥാർഥ ലക്ഷ്യമായ ഏകദൈവത്വത്തിന്റെയും ഏകമാനവതയുടെയും സമാധാനത്തിന്റെയും പരലോകവിജയത്തിന്റെയും പാഠങ്ങൾ പകർന്നു നൽകിയ മഹാ വ്യക്തിത്വങ്ങളാണ് സലഫി പണ്ഡിതന്മാർ. പക്ഷേ, അവർക്കും വർഗീയപരിവേഷം നൽകാനും തീവ്രവാദ കവചങ്ങൾ സമ്മാനിക്കാനുമാണ് വർഗീയവാദികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.**




ധീനവും ഉപയോഗിച്ചു കൈവശപ്പെടുത്തിയ പ്രമാണമില്ലാത്ത ഭൂമിയും വമ്പിച്ച നികുതി വെട്ടിപ്പും സുൽത്താന്റെ റവന്യൂ ഉദ്യോഗസ്ഥർ കണ്ടുപിടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തത് ജാതിയും മതവും വിശ്വാസവും ഒട്ടും പരിഗണിക്കാതെ തന്നെയാണ് സുൽത്താൻ ഭരണം നടത്തിയതെന്നതിന് വലിയ തെളിവാണ്. ക്ഷേത്രങ്ങളെ നികുതികളിൽ നിന്നൊഴിവാക്കുക മാത്രമല്ല, ക്ഷേത്രങ്ങൾക്ക് സംരക്ഷണം നൽകുക കൂടി ചെയ്ത ഭരണാധികാരി എന്ന ഖ്യാതിയും അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ, ചരിത്രത്തെ വർഗീയവൽക്കരിച്ചുകൊണ്ടിരിക്കുന്നവർ വർഗീയതയുടെയും തീവ്രതയുടെയും മുഖമുദ്ര നൽകി മൈസൂർ സുൽത്താന്മാരെ വികൃതമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

തീവ്രവാദവും ഭീകരവാദവും ലോകത്തെ കീഴ്‌പ്പെടുത്താൻ ശ്രമിച്ചപ്പോഴൊക്കെയും അതിനെതിരെ അതിശക്തമായ നിലപാടുകൾ സ്വീകരിച്ചവരാണ് ലോകത്തെ സലഫിപണ്ഡിതന്മാർ. 'സലഫി' എന്ന പദത്തെ ദുരുപയോഗം ചെയ്ത ചിലർ മതരാഷ്ട്രവാദ സങ്കൽപങ്ങൾ ആവിഷ്കരിക്കുകയും അത്തരത്തിലുള്ള മതരാഷ്ട്ര സംസ്ഥാപനത്തിന് ആത്മഹത്യാ സ്‌കോഡുകൾ പോലും രൂപീകരിക്കുകയും ചെയ്തപ്പോൾ അതിനെതിരെ മതത്തിന്റെ യഥാർഥ ലക്ഷ്യമായ ഏകദൈവത്വത്തിന്റെയും ഏകമാനവതയുടെയും സമാധാനത്തിന്റെയും പരലോകവിജയത്തിന്റെയും പാഠങ്ങൾ പകർന്നു നൽകിയ മഹാ വ്യക്തിത്വങ്ങളാണ് സലഫി പണ്ഡിതന്മാർ. പക്ഷേ, അവർക്കും വർഗീയപരിവേഷം നൽകാനും തീവ്രവാദ കവചങ്ങൾ സമ്മാനിക്കാനും ഇക്കൂട്ടർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചരിത്രത്തെ അതിനിഷ്ഠൂരമായി വക്രീകരിക്കുവാനും സമാധാനം ഉൽഘോഷിച്ച ഒരു സമൂഹത്തെയും അതിന്റെ വേദഗ്രന്ഥത്തെയും പ്രവാചകനെയും അതിഭീകരതയുടെ സങ്കേതമായി അവതരിപ്പിക്കാനുമാണ് ഇവർ പുതിയ ഗവേഷണങ്ങളിലൂടെ ശ്രമിക്കുന്നത്.

ഇവിടെയാണ് രാഷ്ട്രപതിയുടെ ചില പ്രയോഗങ്ങൾ അർഥവത്താകുന്നത്. രാജ്യത്തോടും മതത്തോടും മേഖലകളോടും വ്യക്തികൾക്കുള്ള ചായ്‌വുകൾ അവർ ചരിത്രത്തെ വിശകലനം ചെയ്യുമ്പോഴും സ്വാധീനിക്കാറുണ്ടെന്നും അതിൽ നിന്നും മുക്തമായ ചരിത്ര അപഗ്രഥനമാണ് ഉണ്ടാകേണ്ടതെന്നുമുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നു. വിഭിന്നമായ കാഴ്ചപ്പാടുകളും ചിന്തകളും ആശയങ്ങളും നൂറ്റാണ്ടുകളായി സമാധാനപരമായി സംവദിച്ചുവരുന്ന ഭാരതത്തിന് അസഹിഷ്ണുതയുടെ പാരമ്പര്യമല്ല; പ്രത്യുത യുക്തിസഹമായ വാദപ്രതിവാദങ്ങളുടെ പാരമ്പര്യമാണുള്ളതെന്നും അദ്ദേഹം ഓർമിപ്പിച്ചു. വിയോജിക്കാനും ബൗദ്ധികമായി സംവദിക്കാനുമുള്ള സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെന്ന് പറഞ്ഞ അദ്ദേഹം വൈവിധ്യങ്ങളുടെ ഇന്ത്യയുടെ നാനാത്വത്തെ നിലനിർത്താൻ ശരിയായ ചരിത്രരചനകളിലൂടെ യത്നിക്കണമെന്ന് ചരിത്രകാരന്മാരോടാവശ്യപ്പെടുകയും ചെയ്തു.

ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിനെ ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നവരെ കരുതിയിരിക്കണമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പരാമർശവും ചരിത്രവസ്തുതകൾ പാർശ്വവൽക്കരിക്കപ്പെടുന്നതിനെ ഭയപ്പെടണമെന്ന ഗവർണർ പി. സദാശിവത്തിന്റെ നിരീക്ഷണവും വളരെ പ്രസക്തമാണ്. കെട്ടിച്ചമച്ച കാഴ്ചപ്പാടുകൾ സമൂഹത്തിൽ അടിച്ചേൽപിച്ച് തങ്ങളുടെ താൽപര്യത്തിനായി ദേശീയ ചിഹ്നങ്ങളെ വരെ ദുരുപയോഗം ചെയ്യുന്ന പ്രവണതക്കെതിരെ സമൂഹം ഒറ്റക്കെട്ടായി പ്രതികരിക്കണമെന്ന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ ആഹ്വാനം മതേതരസമൂഹത്തിന്റെ സംരക്ഷണത്തിനാവശ്യമാണ്. ◉

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# മതം നിർഭയത്വമാണ്

**ലോ**കത്ത് ഇന്ന് ഒട്ടേറെ മതങ്ങൾ നിലവിലുണ്ട്. വ്യക്തികളുടെ നാമവുമായോ അല്ലെങ്കിൽ ഏതെങ്കിലും സംസ്കാരവുമായോ ബന്ധപ്പെടുന്നതാണ് അവയിലധികവും. ഹിന്ദുമതവും ക്രിസ്തുമതവും ബുദ്ധമതവുമെല്ലാം അതിന്റെ ചില ഉദാഹരണങ്ങളാണ്.

എന്നാൽ ഇസ്‌ലാം ഇതിൽനിന്നെല്ലാം വിഭിന്നമാണ്. ഇസ്‌ലാം എന്ന പദം തന്നെ അതിന്റെ വ്യതിരിക്തത അറിയിക്കുകയാണ്. ശാന്തി, സമാധാനം എന്നെല്ലാം അർഥം വരുന്ന 'സിൽമ്' എന്ന പദ ധാതുവിൽ നിന്നാണ് 'ഇസ്‌ലാം' നിഷ്പന്നമായിട്ടുള്ളത്. ഒരാൾ തന്റെ ജീവിതത്തെ സർവശക്തനായ അല്ലാഹുവിന് സമ്പൂർണമായി സമർപിക്കുമ്പോഴാണ് അയാൾ മുസ്‌ലിമായിത്തീരുന്നത്.

വിശുദ്ധ ക്വുർആൻ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നത് പ്രപഞ്ചത്തിന്റെയും മനുഷ്യപ്രകൃതിയുടെയും മതമായിട്ടാണ്. അതായത് ആകാശങ്ങളുടെയും ഭൂമിയുടെയും ഗോളങ്ങളുടെയും നക്ഷത്രങ്ങളുടെയും സകല ജീവജാലങ്ങളുടെയും മതം. ക്വുർആൻ പറയുന്നത് കാണുക:

“അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റുവല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും” (3:83).

“ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രത



യില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല" (30:30).

'മുഅ്മിൻ' അഥവാ 'വിശ്വാസി' എന്നും മുസ്‌ലിം വിളിക്കപ്പെടുന്നു. 'നിർഭയത്വം,' 'സുരക്ഷിതത്വം' എന്നൊക്കെ അർഥമുള്ള 'അംന്' എന്ന പദധാതുവിൽ നിന്നാണ് 'ഈമാൻ' (വിശ്വാസം) എന്ന പദം നിഷ്പന്നമായിരിക്കുന്നത്. സ്രഷ്ടാവിന് സമ്പൂർണമായി കീഴ്‌പെട്ട്, അവനിൽ ഭരമേൽപിച്ച്, വിശ്വസിക്കേണ്ട കാര്യങ്ങളിലെല്ലാം ദൃഢമായി വിശ്വസിച്ചും ചെയ്യേണ്ട കർമങ്ങളെല്ലാം ചെയ്തും ജീവിക്കുന്ന മുസ്‌ലിം അനിർവചനീയമായ നിർഭയത്വം അനുഭവിക്കുന്നവനായിരിക്കുമെന്നതിൽ സംശയമില്ല.

മുഅ്മിൻ, ഈമാൻ, അമാൻ, അമാനത്ത്, അമീൻ തുടങ്ങിയ പദങ്ങളെല്ലാം ഒരേ അർഥം സൂചിപ്പിക്കുന്നതാണ്. വിശുദ്ധക്വുർആനിൽ എണ്ണൂറിൽ പരം തവണ അംനിന്റെ വിവിധ രൂപങ്ങൾ ഉപയോഗിച്ചതായി കാണാം. സൗഭാഗ്യം, സുഖം, സന്തോഷം, ഭയത്തിൽനിന്നും ദുഃഖത്തിൽ നിന്നുമുള്ള മോചനം തുടങ്ങിയവ അല്ലാഹുവിനെയും പ്രവാചകനെയും അനുസരിച്ച് ജീവിതം ക്രമീകരിക്കുന്നവർക്ക് ലഭിക്കുന്ന കാര്യങ്ങളാണ്.

ആരും ശാരീരികമായി ഉപദ്രവിക്കപ്പെടരുത്. ആരുടെയും അഭിമാനത്തിന് ക്ഷതമേൽക്കരുത്, സമ്പത്ത് മോഷ്ടിക്കപ്പെടുകയോ അന്യാധീനപ്പെടുകയോ ചെയ്യരുത്. അവനവന്റെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും വെച്ചുപുലർത്താനും അത് പ്രചരിപ്പിക്കാനും ആരെയും ഭയപ്പെടേണ്ട അവസ്ഥയുണ്ടാകരുത്. വ്യക്തികളും കുടുംബങ്ങളും സമൂഹവും ഈ സുരക്ഷിതബോധത്തിനുള്ളിലായിരിക്കണം. ഈ നിർഭയത്വം എല്ലാവരും ആഗ്രഹിക്കുന്നു.

ഇസ്‌ലാം നിർഭയത്വത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. നന്മ കൽപിക്കുക, തിന്മ വിരോധിക്കുക, കുറ്റകൃത്യങ്ങൾക്ക് ശിക്ഷാവിധി നടപ്പിലാക്കുക തുടങ്ങിയവയെല്ലാം സമൂഹത്തിന്റെ നിർഭയാവസ്ഥ നിലനിർത്താൻ അനിവാര്യമാണെന്നതിൽ സംശയമില്ല. രാജ്യത്തിനും ജനങ്ങൾക്കും ഉന്നതമായലക്ഷ്യങ്ങൾ നേടിയെടുക്കാനും സാമ്പത്തികവും സാമൂഹികവുമായ അഭിവൃദ്ധിയുണ്ടാകുവാനും നിർഭയത്വം അനിവാര്യമാണ്.

## നിർഭയ രാജ്യം

നിർഭയത്വമുള്ളതും ഫലഭൂയിഷ്ടവുമായ നാട് മഹത്തായ അനുഗ്രഹമാണ്:

"നിന്നോടൊപ്പം ഞങ്ങൾ സൻമാർഗം പിന്തുടരുന്ന പക്ഷം ഞങ്ങളുടെ നാട്ടിൽ നിന്ന് ഞങ്ങൾ എടുത്തെറിയപ്പെടും. എന്ന് അവർ പറഞ്ഞു. നിർഭയമായ ഒരു പവിത്രസങ്കേതം നാം അവർക്ക് അധീനപ്പെടുത്തികൊടുത്തിട്ടില്ലേ? എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ച് കൊണ്ടു വരപ്പെടുന്നു. നമ്മുടെ പക്കൽ നിന്നുള്ള ഉപജീവനമത്രെ അത്. പക്ഷേ, അവരിൽ അധികപേരും (കാര്യം ) മനസ്സിലാക്കുന്നില്ല" (28: 57).

"ഈ ഭവനത്തിന്റെ രക്ഷിതാവിനെ അവർ ആരാധിച്ചുകൊള്ളട്ടെ. അതായത് അവർക്ക് വിശപ്പിന്ന് ആഹാരം നൽകുകയും, ഭയത്തിന് പകരം സമാധാനം നൽകുകയും ചെയ്തവനെ" (106:3,4).

ഈ അനുഗ്രഹം നഷ്ടപ്പെടുമ്പോഴേ അതിന്റെ വിലയറിയൂ. ഫലസ്തീൻ, ഇറാഖ്, സിറിയ, മ്യാൻമർ... യുദ്ധക്കൊതിയുടെയും വംശവെറിയുടെയും തീച്ചൂളയിൽ വെന്തെരിയുന്ന ജനലക്ഷങ്ങൾ... അശാന്തിയുടെയും ഭയത്തിന്റെയും പുകപടലങ്ങൾക്കിടയിൽ ജീവിതം തള്ളിനീക്കുന്നവർ... ദാരുണമായി കൊല്ലപ്പെട്ടവർ... നിർഭയത്വമുള്ള ഇടംതേടി പലായനം ചെയ്ത് അന്യനാടുകളിൽ അഭയാർഥികളായി കഴിയുന്നവർ... വഴിയിൽ മരിച്ചുവീണവർ.... അവർക്കറിയാം നിർഭയാവസ്ഥ എന്നത് മഹത്തായ അനുഗ്രഹമാണെന്നും അത് നഷ്ടപ്പെട്ടാലുണ്ടാകുന്ന അവസ്ഥ എന്തുമാത്രം കടുത്തതാണെന്നും.

## സ്രഷ്ടാവിൽ പങ്കുചേർക്കാത്തവർക്ക് ലഭിക്കുന്ന നിർഭയത്വം

ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നവർക്ക് (തൗഹീദ് ഉൾക്കൊണ്ട് ജീവിച്ചവർക്ക്) അല്ലാഹു നൽകുന്ന വാഗ്ദാനം കാണുക:

“വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്...”(6: 82).

ഇതിൽ പറഞ്ഞ അന്യായം അല്ലാഹുവിൽ പങ്കുചേർക്കലാണ് അഥവാ ശിർക്കാണ്.

“ലുക്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു). എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു” (31:13).

“നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല...” (24:55).

### ശരീരത്തിലും അഭിമാനത്തിലും സമ്പത്തിലുമുള്ള നിർഭയത്വം

ഇബ്നുഉമർ ﵁ പറയുന്നു: നബി ﷺ മിനായിൽവെച്ച് ചോദിച്ചു: “ഇത് ഏതു ദിവസമാണെന്ന് നിങ്ങൾക്കറിയാമോ?” അവർ പറഞ്ഞു: “അല്ലാഹുവിനും അവന്റെ ദൂതനും അറിയാം”. അവിടുന്ന് പറഞ്ഞു: “ഇത് ഒരു പരിശുദ്ധ ദിനമാണ്. ഇത് ഏതു സ്ഥലമാണെന്നറിയാമോ?” അവർ പറഞ്ഞു: “അല്ലാഹുവിനും അവന്റെ ദൂതനും അറിയാം.” അവിടുന്ന് പറഞ്ഞു: “പരിശുദ്ധമായ സ്ഥലം. ഇത് ഏതു മാസമാണെന്നറിയാമോ?” അവർ പറഞ്ഞു: “അല്ലാഹുവിനും അവൻെറ ദൂതനും അറിയാം”. അവിടുന്ന് പറഞ്ഞു: “പരിശുദ്ധമായ മാസം.” പിന്നീട് അവിടുന്ന് പറഞ്ഞു: “നിങ്ങളുടെ ഈ സ്ഥലം, നിങ്ങളുടെ ഈ മാസം, നിങ്ങളുടെ ഈ ദിവസം പരിശുദ്ധമായിരിക്കുന്നതുപോലെ നിശ്ചയമായും അല്ലാഹു നിങ്ങളുടെ രക്തവും നിങ്ങളുടെ സ്വത്തും നിങ്ങളുടെ അഭിമാനവും നിങ്ങൾക്ക് പരിശുദ്ധമാക്കിയിരിക്കുന്നു”(ബുഖാരി).

ഇസ്‌ലാമിക നിയമത്തിൻെറ ദൃഷ്ടിയിൽ ഒരു വ്യക്തിയുടെ അഭിമാനത്തിന്റെ മാനദണ്ഡം അയാളുടെ സാമൂഹ്യപദവിയോ സാമ്പത്തിക സ്ഥിതിയോ അല്ല. ഏതൊരു വ്യക്തിയുടെയും അഭിമാനം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അത് പിച്ചിച്ചീന്തുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ചെറിയവനും വലിയവനും ഉള്ളവനും ഇല്ലാത്തവനുമൊക്കെ തൻെറ മാനം നഷ്ടപ്പെടുന്നത് ചിന്തിക്കുവാൻ പോലും കഴിയാത്തവരാണ്. എന്നാൽ ഇതരരെ അവഹേളിക്കുവാനും അപമാനിക്കുവാനും പരിഹസിക്കുവാനും ആധുനിക ജനതക്ക് വല്ലാത്തൊരു ഭ്രമമാണ്. രാഷ്ട്രീയരംഗത്തും മാധ്യമ പ്രവർത്തനരംഗത്തും ഇതൊക്കെ അനുവദനീയമാണെന്ന നിലയാണ് ഇന്നുള്ളത്! അന്യൻെറ അഭിമാനത്തിൻെറ നിലയും വിലയും വ്യക്തമാക്കുന്നതാണ് മുകളിൽ കൊടുത്ത നബിവചനം.

**ഏതൊരു വ്യക്തിയുടെയും അഭിമാനം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അത് പിച്ചിച്ചീന്തുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ചെറിയവനും വലിയവനും ഉള്ളവനും ഇല്ലാത്തവനുമൊക്കെ തൻെറ മാനം നഷ്ടപ്പെടുന്നത് ചിന്തിക്കുവാൻ പോലും കഴിയാത്തവരാണ്. രാഷ്ട്രീയരംഗത്തും മാധ്യമ പ്രവർത്തനരംഗത്തും ഇതൊക്കെ അനുവദനീയമാണെന്ന നിലയാണ് ഇന്നുള്ളത്!**

കക്ഷിരാഷ്ട്രീയത്തിന്റെയും വർഗീയതയുടെയും പേരിലുള്ള കൊലപാതകങ്ങൾ, അക്രമങ്ങൾ, വ്യാജ ഏറ്റുമുട്ടൽ കൊലകൾ, പിടിച്ചുപറി, കൊള്ള, മോഷണം... അന്യന്റെ ജീവനും സമ്പത്തിനും വില കൽപിക്കാത്ത പ്രവർത്തനങ്ങൾ! ഇതിനെയെല്ലാം പാടെ എതിർക്കുന്ന, കഠിനമായ കുറ്റമായി പരിഗണിക്കുന്ന ഇസ്‌ലാം നിർഭയത്വത്തിന്റെ വിളനിലമാണ് ഇസ്‌ലാം എന്ന് പഠിപ്പിക്കുകയാണ്.

### അനീതിയും സ്വജനപക്ഷപാതവും നിർഭയത്വം ഇല്ലാതാക്കും

ആഇശ ﵂ പറയുന്നു: ഒരു മഖ്സൂം ഗോത്രക്കാരിയുടെ മോഷണക്കേസ് ഖുറൈശികൾക്ക് വിഷമപ്രശ്നമായി. “അല്ലാഹുവിന്റെ ദൂതനോട് അവളുടെ പ്രശ്നം സംബന്ധിച്ച് ആരാണ് സംസാരിക്കുക?” അവർ തമ്മിൽ തമ്മിൽ അന്വേഷിച്ചു. “തിരുമേനിയുടെ ഇഷ്ടനായ ഉസാമതുബ്

**അശാന്തിയുടെയും ഭയത്തിന്റെയും പുകപടലങ്ങൾക്കിടയിൽ ജീവിതം തള്ളിനീക്കുന്നവർ... ദാരുണമായി കൊല്ലപ്പെട്ടവർ... നിർഭയത്വമുള്ള ഇടംതേടി പലായനം ചെയ്ത് അന്യനാടുകളിൽ അഭയാർഥികളായി കഴിയുന്നവർ... അവർക്കറിയാം നിർഭയാവസ്ഥ എന്നത് മഹത്തായ അനുഗ്രഹമാണെന്നും അത് നഷ്ടപ്പെട്ടാലുണ്ടാകുന്ന അവസ്ഥ എന്തുമാത്രം കടുത്തതാണെന്നും.**

നു സൈദിനല്ലാതെ മറ്റാർക്കാണ് അതിന് ധൈര്യം വരിക?"- ഇതായിരുന്നു അവരുടെയെല്ലാം അഭിപ്രായം. അങ്ങനെ ഉസാമﷺ നബിﷺയോട് സംസാരിച്ചു. അപ്പോൾ തിരുമേനിﷺ ചോദിച്ചു: "അല്ലാഹുവിൻെറ ശിക്ഷാവിധിയിൽ നീ ശുപാർശയുമായി വരികയോ?". തുടർന്ന് അവിടുന്ന് ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: "ഉന്നതർ മോഷ്ടിച്ചാൽ വെറുതെ വിടുകയും ദുർബലർ മോഷ്ടിച്ചാൽ ശിക്ഷ നടപ്പാക്കുകയും ചെയ്യുന്ന പതിവ് നിങ്ങളുടെ മുൻഗാമികൾക്കിടയിൽ നിലനിന്നത് അവരുടെ നാശത്തിന് ഹേതുവായിട്ടുണ്ട്. അല്ലാഹുവിനെക്കൊണ്ട് സത്യം. മുഹമ്മദിൻെറ മകൾ ഫാത്വിമയാണ് മോഷ്ടിക്കുന്നതെങ്കിൽ ഞാൻ അവളുടെ കൈ മുറിക്കുകതന്നെ ചെയ്യും"(ബുഖാരി, മുസ്‌ലിം).

ഇസ്‌ലാമിന്റെ അത്യുജ്വലമായ ഈ പ്രഖ്യാപനം ലോകചരിത്രത്തിൽ അതുല്യമാണ്; ആധുനിക ലോകത്തെ ഭരണാധികാരികൾക്ക് ചിന്തിക്കുകപോലും അസാധ്യമായ പ്രഖ്യാപനം. നീതിയിൽ നിലകൊള്ളുകയും നീതിക്കുവേണ്ടി വാദിക്കുകയും സ്വന്തം ചെയ്തികൾ നീതിയിൽ അധിഷ്ഠിതമാക്കിയ ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്ത് സ്വജനതക്ക് നിർഭയത്വം നൽകി പ്രവാചകൻﷺ.

വിശുദ്ധ ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിരുന്നാലും ശരി..." (4:135).

### മാതാപിതാക്കൾക്ക് നൽകുന്ന നിർഭയത്വം

ഇന്ന് മനുഷ്യർ വാധക്യത്തെ വല്ലാതെ ഭയപ്പെടുന്നു; മരണത്തെ പേടിയുള്ളതുകൊണ്ടല്ല, വയസ്സായാൽ വീട്ടിൽനിന്നും പുറംതള്ളപ്പെടുമെന്നും സംരക്ഷണമില്ലാതെ കഷ്ടപ്പെടുമെന്നും ഭയന്ന്! വാർധക്യത്തിലെത്തിയവർക്ക് ഇസ്‌ലാം നൽകുന്ന നിർഭയത്വം തുല്യതയില്ലാത്തതാണ്. ക്വുർആൻ പറയുന്നു:

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (17:23,24).

അബൂഹുറയ്റﷺയിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗം നേടാൻ സാധിക്കാത്തവന് നാശം! അവന് നാശം! അവന് നാശം!" (മുസ്‌ലിം).

മാതാപിതാക്കളോടുള്ള കടമകളെ ഇസ്‌ലാം വളരെ ഗൗരവകരമായാണു കാണുന്നത് ഈ പ്രമാണ വചനങ്ങൾ വ്യക്തമാക്കുന്നു. അതിൽ വീഴ്ച വരുത്തുന്നവർക്കു നാശമാണെന്നു പറഞ്ഞ പ്രവാചകൻ, അവരോടുള്ള കടമകൾ നിറവേറ്റുന്നത് സ്വർഗപ്രവേശം സുസാധ്യമാക്കുമെന്നുകൂടി നമ്മെ പഠിപ്പിക്കുന്നു.

### ലഹരി നിരോധിച്ചതിലൂടെയുള്ള നിർഭയത്വം

ലഹരി സകല തിന്മകളുടെയും മാതാവാണ്. അതിന്റെ കെടുതി അനുഭവിക്കുന്ന ലക്ഷക്കണക്കിന് വ്യക്തികളും കുടുംബങ്ങളും നമ്മുടെ നാട്ടിലുണ്ട്. ലഹരിയുപയോഗിച്ച് വീട്ടിലേക്ക് വരുന്ന ഭർത്താവിനെ ഭയന്ന് ഉള്ളംപുകഞ്ഞ് കഴിയുന്ന എത്രയെത്ര ഭാര്യമാർ... പിതാവിന്റെ നിഴലിനെ പോലും ഭയക്കുന്ന എത്രയെത്ര പി

ഞ്ചു മക്കൾ...! അയൽക്കാരുടെയും നാട്ടുകാരുടെയുമൊക്കെ സ്വസ്ഥവും നിർഭയവുമായ ജീവിതത്തിന് ഭീഷണിയായ കുടിയന്മാർ!

ലഹരിവസ്തുക്കൾ വരുത്തിവെക്കുന്ന സാമൂഹ്യവിപത്തിന്റെ വ്യാപ്തി അറിയാത്തവരല്ല പ്രബുദ്ധ കേരളക്കാർ. എന്നിട്ടും നമ്മുടെ നാട്ടിൽ അതിന്റെ ഉപയോഗം വർധിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർഥി-വിദ്യാർഥിനികൾക്കിടയിൽ പോലും അതിവേഗത്തിൽ ലഹരിയോടുള്ള ജ്വരം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു!

വ്യക്തികളെയും കുടുംബത്തെയും സമൂഹത്തെയും ദുഷിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന സകലവിധ ലഹരിവസ്തുക്കളെയും നിഷിദ്ധമാക്കിക്കൊണ്ട് ഇസ്‌ലാം വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനു തന്നെയും നിർഭയത്വം പ്രദാനം ചെയ്യുന്നു.

ജാബിറുബ്നു അബ്ദില്ല ﵁ യിൽനിന്നു നിവേദനം. നബി ﷺ പറഞ്ഞു: "അധികമായാൽ ലഹരിയുണ്ടാക്കുന്നതിന്റെ അൽപവും നിഷിദ്ധമാണ്"(അബൂദാവൂദ്).

### ഇസ്‌ലാം ഭീതിപടർത്തുന്ന വർഗീയതക്കെതിര്

സമകാലിക ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് വർഗീയത. എന്താണ് വർഗീയത? പലർക്കും പല രൂപത്തിലുള്ള നിർവചനങ്ങളുണ്ട്. മുഹമ്മദ് നബി ﷺ നൽകിയ നിർവചനം കാണുക: വാസിലതുബ്നുൽ അസ്ഖഅ് ﵁ നിവേദനം: "ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ! എന്താണ് വർഗീയത?' അവിടുന്ന് മറുപടി നൽകി: 'സ്വന്തം ആളുകളെ അന്യായത്തിൽ പിന്തുണക്കൽ" (അബൂദാവൂദ്).

ഒരു മതവിശ്വാസി തന്റെ വിശ്വാസവും തന്റെ മതവുമാണ് ശരി എന്ന് വിശ്വസിക്കുന്നത് വർഗീയതയാണോ? അവൻ തന്റെ മതനിർദേശമനുസരിച്ച് ജീവിക്കുന്നത് വർഗീയതയാണോ? മതം നിഷ്കർഷിക്കുന്ന കർമാനുഷ്ഠാനങ്ങളിൽ നിഷ്കൃഷ്ടത പുലർത്തുന്നത് വർഗീയതയാണോ? ഒരിക്കലുമല്ല! അങ്ങനെയുള്ള ഒരാളെക്കൊണ്ട് ആർക്കും ഒരു പ്രയാസവും ഉണ്ടാവുകയില്ല.

"നിശ്ചയമായും അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാകുന്നു..." (ക്വുർആൻ 3:19).

"ഇസ്‌ലാമല്ലാത്ത മറ്റു വല്ല മതവും അവലംബിക്കുകയാണെങ്കിൽ ഒരിക്കലും (അല്ലാഹുവിങ്കൽ) അത് സ്വീകാര്യമായിരിക്കയില്ല" (3:85).

**ഒരു മതവിശ്വാസി തന്റെ വിശ്വാസവും തന്റെ മതവുമാണ് ശരി എന്ന് വിശ്വസിക്കുന്നത് വർഗീയതയാണോ? അവൻ തന്റെ മതനിർദേശമനുസരിച്ച് ജീവിക്കുന്നത് വർഗീയതയാണോ? മതം നിഷ്കർഷിക്കുന്ന കർമാനുഷ്ഠാനങ്ങളിൽ നിഷ്കൃഷ്ടത പുലർത്തുന്നത് വർഗീയതയാണോ? ഒരിക്കലുമല്ല! അങ്ങനെയുള്ള ഒരാളെക്കൊണ്ട് ആർക്കും ഒരു പ്രയാസവും ഉണ്ടാവുകയില്ല.**



ഈ ക്വുർആൻ സൂക്തങ്ങളുടെ അടിസ്ഥാനത്തിലാണ് ഇസ്‌ലാം മാത്രമാണ് സത്യമതമെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നത്; അത് പ്രഖ്യാപിക്കുന്നതും പ്രബോധനം ചെയ്യുന്നതും. മറ്റുള്ളവർക്കും ഇതേപോലെ ചെയ്യുവാനുള്ള അവകാശമുണ്ട്; പ്രമാണങ്ങളുടെ വെളിച്ചത്തിൽ അത് സമർഥിക്കാനും. ഇതുകൊണ്ടൊന്നും ആർക്കും യാതൊരു പ്രയാസവുമുണ്ടാകാൻ പോകുന്നില്ല.

അന്യായമാണ് ഒരാൾ ചെയ്തതെങ്കിലും അയാൾ തന്റെ സമുദായക്കാരനോ, തന്റെ സ്വന്തക്കാരനോ ആണെന്നതിനാൽ അയാളെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുന്നത് കടുത്ത അക്രമമാണ്. അതിനെയാണ് ഇസ്‌ലാം വർഗീയത എന്ന് വിശേഷിപ്പിച്ചത്. അത് വൻ വിപത്തുകൾക്ക് വഴിവെക്കും. നാട്ടിൽ അരാജത്വമുണ്ടാക്കും. ഭീതി പരത്തും. നിർഭയത്വം നഷ്ടപ്പെടുത്തും.

അതെ ഇസ്‌ലാം നിർഭയത്വത്തിന്റെ മതമാണ്. അത് ലോകത്തിന് സമർപ്പിക്കുന്ന സന്ദേശം നിർഭയത്വത്തിന്റേതാണ്. നീണ്ട താടിയും നെരിയാണിക്കു താഴെയിറങ്ങാത്ത പുരുഷവസ്ത്രവും ശരീരം വെളിവാക്കാത്ത സ്ത്രീവേഷവും ഭയപ്പാടല്ല; നിർഭയത്വത്തിന്റെ സുരക്ഷിതത്വത്തിന്റെ സന്ദേശമാണ് ലോകത്തിന് നൽകുന്നത്. പരലോകത്ത് നിർഭയത്വത്തിന്റെ സങ്കേതമായ സ്വർഗത്തിലെത്തണമെങ്കിൽ ഇഹലോകത്ത് മറ്റുള്ളവർക്ക് നിർഭയത്വവും ആശ്വാസവും നൽകി ജീവിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

അഷ്‌റഫ് എകരൂൽ
ashrafekarul@gmail.com

# ഇസ്‌ലാമിക് പാരന്റിംഗ്: പ്രാധാന്യവും ലക്ഷ്യവും

ഭാഗം 1

'പാരന്റിംഗ്' എന്ന പദം ഏറെ ശ്രദ്ധേയമാണ്. വിദ്യാസമ്പന്നരും അല്ലാത്തവരുമായി പട്ടണങ്ങളിലും ഗ്രാമങ്ങളിലും ജീവിക്കുന്ന എല്ലാവരും ഒരുപോലെ ശ്രദ്ധിക്കുന്ന മേഖലയായി അത് മാറിയിരിക്കുന്നു. ഈ വിഷയത്തിലിറങ്ങുന്ന പ്രസിദ്ധീകരണങ്ങളുടെയും പരിശീലന ക്ലാസ്സുകളുടെയും ആധിക്യവും അത് തന്നെയാണ് സൂചിപ്പിക്കുന്നത്. കടുത്ത മത്സരം നിറഞ്ഞ ജീവിതാവസരങ്ങളിലെവിടെയങ്കിലും ഭേദപ്പെട്ട ഇരിപ്പിടവും അൽപം ഉയർച്ചയും നേടാൻ ശ്രദ്ധയും ആസൂത്രണവും പരിശീലനവും ആവശ്യമുള്ള ഒരു മേഖലയായി പാരന്റിംഗ് മാറിയത് അത്ഭുതമില്ല. വിജയവും മികവും യാന്ത്രികമായി വന്നെത്തുന്ന യാദൃച്ഛികതയല്ല, സമയവും സന്ദർഭവും നോക്കി കുഞ്ഞിന്റെ ജീവിതാരംഭം മുതൽ ശ്രദ്ധയോടെ പ്രയോഗിക്കേണ്ട ദൗത്യമാണ് പാരന്റിംഗ് എന്ന തിരിച്ചറിവ് അതിന്റെ സൂത്രവാക്യങ്ങളെ തേടാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നു.

ഭൗതികലോകത്തെ ചെറിയ കാലയളവിനുള്ളിൽ നേടാൻ സാധ്യതയുള്ള വിജയത്തിനും മികവിനും ഉതകുന്ന ശിക്ഷണമാണ് പാരന്റിംഗ് എങ്കിൽ ഇസ്‌ലാമിക് പാരന്റിംഗ് ആ പരിമിതമായ അതിർത്തിക്കപ്പുറത്തേക്ക് നീണ്ട് കടക്കുന്നതാണ്.

**എന്താണ് ഇസ്‌ലാമിക് പാരന്റിംഗ്?**

ഒരു മനുഷ്യനെ അതിന്റെ പൂർണതയിൽ അല്ലാഹുവിന്റെ സമർപ്പിതനായ അടിമയായി തീരാൻ ആവശ്യമായ രീതിയിൽ സ്രഷ്ടാവിന്റെ നിയമങ്ങളും നിർദേശങ്ങളും പരിഗണിച്ചും പരിശിലീപ്പിച്ചും രക്ഷിതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് നൽകുന്ന ഭാരിച്ച ഉത്തരവാദിത്തമാണ് ഇസ്‌ലാമിക് പാരന്റിംഗ്. 'എല്ലാ കുഞ്ഞുങ്ങളും ശുദ്ധപ്രകൃതിയിലാണ് ജനിക്കുന്നത്. അവരുടെ മാതാപിതാക്കളാണ് അവരെ ജൂതനോ തീയാരാധകനോ ക്രിസ്ത്യനോ ആക്കുന്നത്' എന്ന നബിവചനം ശ്രദ്ധേയമാണ്.

ഇസ്‌ലാമിക് പാരന്റിംഗ് കേവലം ഭൗതിക ജീവിതത്തിലെ ചില്ലറ വിജയത്തിനല്ല. മറിച്ച്, ഈ ജീവിതത്തിൽ സുരക്ഷയും സമാധാനവും അനുഭവിക്കാൻ കഴിയുന്നതോടൊപ്പം ശാശ്വത ജീവിതത്തിലെ സ്വർഗ പ്രവേശനവും നരകമോചനവും കൂടി സാധ്യമാക്കുന്ന ദൗത്യമാണ്.

അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും."(സൂറതുത്തഹ്‌രീം: 6).

ഈ ഭാരിച്ച ദൗത്യം നിർവഹിക്കാൻ അല്ലാഹു കേവലം ഒരു രാജകൽപന പുറപ്പെടുവിക്കുകയല്ല ചെയ്തത്. മറിച്ച്, അവ പ്രയാസരഹിതമായി നിർവഹിക്കാൻ ആവശ്യമായ കൃത്യമായ മാർഗനിർദേശങ്ങളും മാതൃകയും അവതരിപ്പിച്ച് തന്നിട്ടുണ്ട്. അവ അവധാനതയോടെ പഠിച്ചും പഠിപ്പിച്ചും ക്ഷമയോടും ആസൂത്രണത്തോടും ഒപ്പം നിരന്തര പ്രാർഥനയോടും കൂടി നിർവഹിക്കേണ്ട ജോലിയാണ് ഇസ്‌ലാമിക് പാരന്റിംഗ്.

**ലക്ഷ്യം നിർണയിക്കുക**

ഏതൊരു ദീർഘകാല പദ്ധതിക്കും അതിന്റെ ലക്ഷ്യവും നിയോഗവും നിർണയിക്കേണ്ടതുണ്ട്. ഇസ്‌ലാമിക് പാരന്റിംഗിന്റെ പ്രഥമ ലക്ഷ്യം ഉത്തമ പൗരനെ(വലദുൻ സ്വാലിഹ്) സൃഷ്ടിക്കലാണ്. ഏറ്റവും വലിയ ലക്ഷ്യമാവട്ടെ മുത്തഖീങ്ങളുടെ(സൂക്ഷ്മാലുക്കളുടെ) നേതൃഗുണമുള്ള ഒരു മനുഷ്യന്റെ നിർമിതിയും. മരണശേഷം അവശേഷിക്കുന്ന കർമങ്ങളിലൊന്നായി പ്രവാചകൻ എണ്ണിപ്പറഞ്ഞത് മരണപ്പെട്ടവന് വേണ്ടി പ്രാർഥിക്കുന്ന സ്വാലിഹായ സന്താനമാണ്. കൃത്യമായ ആസൂത്രണവും പരിശ്രമവും ക്ഷമയോടെ നിലനിർത്തുന്ന ഒരു രക്ഷിതാവിന് ഉയർന്ന ഫലങ്ങൾ ഉൽപാദിപ്പിക്കാൻ കഴിയുമെന്നതിൽ സംശയമില്ല. പരമകാരുണികന്റെ നല്ലവരായ ദാസൻമാരുടെ (ഇബാദു റഹ്‌മാൻ) ഗുണങ്ങൾ വിശദീകരിച്ചു കൊണ്ട് അല്ലാഹു പറഞ്ഞതിലൊന്ന് മുത്തഖീങ്ങളുടെ നേതൃത്വത്തിലെത്താൻ പ്രാർഥിക്കുന്ന സംസ്കാരത്തെയാണ്. പ്രാർഥന കഠിനാധ്വാനത്തിന്റെ ബാക്കിപത്രമാണല്ലോ?

ചുരുക്കത്തിൽ, 'വലദുൻ സ്വാലിഹി'ന്റെയും 'ഇമാമുൻ മുത്തഖി'ന്റെയും ഇടയിൽ എവിടെയെങ്കിലും ഒരു ഇരിപ്പിടം ലഭിക്കുവാൻ യോഗ്യതയുള്ള മുസ്‌ലിമിനെ രൂപപ്പെടുത്തുന്ന ബൃഹദ് പദ്ധതിയാണ് ഇസ്‌ലാമിക് പാരന്റിംഗ്. അതിന്റെ സൂത്രവാക്യങ്ങൾ നാം അന്വേഷിക്കേണ്ടത് മരണാനന്തരജീവിതം തന്നെ അംഗീകരിക്കാത്ത വിദഗ്ധൻമാരുടെ പുസ്തകങ്ങളിലോ പരിശീലന ക്ലാസ്സുകളിലോ അല്ല മറിച്ച്, മനുഷ്യശരീരത്തിന്റെയും മനസ്സിന്റെയും സംവിധായകനായ സ്രഷ്ടാവിന്റെ വേദഗ്രന്ഥത്തിലും അവന്റെ ദൂതന്റെ ജീവിത സന്ദേശങ്ങളിലും അവയിൽ നിന്ന് വെളിച്ചം സ്വീകരിച്ച സച്ചരിതരായ മുൻഗാമികളുടെ ജീവിതാനുഭവങ്ങളിൽ നിന്നുമാവണം. ആ വഴിയിലൂടെയുള്ള അന്വേഷണയാത്രയാണ് ഈ പംക്തിയിലൂടെ ഉദ്ദേശിക്കുന്നത്.

**(അമേരിക്കൻ ക്രിയേറ്റിവിറ്റി അക്കാദമിയിലെ ഫാക്കൽറ്റിയാണ് ലേഖകൻ)**

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ഭീകരവേട്ടയും മതസ്വാതന്ത്ര്യവും

**ഭീ**കരത ഏത് സമൂഹത്തിന്റെയും സ്വസ്ഥത കെടുത്തുന്ന മാനസിക വൈകൃതമാണ്. മൊത്തമായും ചില്ലറയായും വെറുപ്പ് ഉൽപാദിപ്പിക്കുക എന്നതാണ് അതിന്റെ മുഖമുദ്ര. മതം, പ്രാദേശികത, വംശീയത ഇങ്ങനെ പലതിന്റെയും പേരിലാണ് ഭീകര പ്രവർത്തനങ്ങൾ ലോകത്ത് നടന്നുവരുന്നത്. ആഗോള വ്യാപകമായി ഭീകരതക്കെതിരായ നീക്കം നടന്നുവരുന്ന സാഹചര്യത്തിലാണ് നമ്മുടെ നാട്ടിലും ഭീകരവേട്ടയെകുറിച്ചുള്ള ചർച്ചകൾക്ക് ചൂടുപിടിക്കുന്നത്.

ലോകനിലവാരത്തോട് കിടപിടിക്കാവുന്ന ഇന്റലിജൻസ് സംവിധാനം കൈമുതലായുള്ള രാജ്യത്തെ നിവാസികളായ നമുക്ക് ഏറെ അഭിമാനിക്കാൻ വകയുണ്ട്. സമാധാനത്തിനും രാജ്യസുരക്ഷക്കും വിഘാതമായി നിൽക്കുന്ന ആരെയും കൈവിലങ്ങണിയിക്കാൻ ഉത്തരവാദപ്പെട്ടവർ ആത്മാർഥമായി ശ്രമിച്ചാൽ സാധിക്കും. എന്നാൽ തീവ്രവാദ പ്രവർത്തനങ്ങളുടെ ഏഴയലത്തുപോലും പോകാത്തവരെ തീവ്രവാദത്തിന്റെ ചാപ്പകുത്തി തടങ്കലിലാക്കുന്ന അവസ്ഥയാണിന്ന് നാം കാണുന്നത്.

ഇതിനിടയിലാണ് ഭീകരവേട്ടയുടെ മറവിൽ മുസ്‌ലിം സമുദായത്തെ ഒറ്റതിരിഞ്ഞ് കടന്നാക്രമിക്കുന്ന ചില നീക്കങ്ങൾ നിയമപാലകരിൽനിന്നുണ്ടായത്. ഗുജറാത്ത് വംശഹത്യാശ്രമത്തിന്റെ കരിനിഴൽ പതിഞ്ഞ നരേന്ദ്ര മോഡിയടെ കയ്യിലാണ് കേന്ദ്ര ഭരണം എന്നതുകൊണ്ടായിരിക്കാം അദ്ദേഹത്തിന്റെ പാദസേവകർ മുസ്‌ലിംകൾക്കെതിരിൽ വിഷം ചീറ്റിക്കൊണ്ടിരിക്കുന്നത്. ഭീകരവേട്ടയെന്ന പേരിൽ സംഘ്പരിവാർ അജണ്ട നടപ്പിലാക്കാൻ സർക്കാർ ചെലവിൽ ചില ഏമാന്മാർ കച്ചകെട്ടിയിറങ്ങിയിരിക്കുന്നു എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ഭീകരവേട്ടയുടെ മറവിൽ മതസ്വാതന്ത്ര്യം ഹനിക്കാനുള്ള കുത്സിത ശ്രമമാണ് ഇസ്‌ലാമോ ഫോബിയയുടെ അസ്കിതയാൽ ചില സാറന്മാർ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രകൃതിമതമായ ഇസ്‌ലാമിന് നാൾക്കുനാൾ വർധിച്ചുവരുന്ന സ്വീകാര്യത പലരുടെയും ഉറക്കംകെടുത്തുന്നുണ്ട്. അതിനാലായിരിക്കണം ഇന്ത്യയുടെ അഭിമാനം ലോകത്തിന്റെ നെറുകയിലെത്തിച്ച ഡോ.സാകിർ നായിക്കിന്റെ മേൽ കൈവച്ചത്. രണ്ടു പതിറ്റാണ്ടിലേറെ കാലമായി ലോകം മുഴുവൻ ഇസ്‌ലാമിക പ്രബോധനവുമായി ഓടിനടക്കുന്ന ഇദ്ദേഹത്തിന്റെ പേരിൽ ഇത്രയും കാലം ശത്രുക്കൾ പോലും ഭീകരതയുടെയോ തീവ്രാദത്തിന്റെയോ ആരോപണമുന്നയിച്ചിട്ടില്ല. ആത്മീയ പരിവാർ ഗുരു ശ്രീ. ശ്രീ രവിശങ്കർ നേരിട്ട് ഡോ.സാകിറുമായി സ്നേഹസംവാദത്തിലേർപെടുകയും അതിനിടയിൽ അദ്ദേഹത്തിന്റെ കഴിവുകളെ പലവുരു പ്രകീർത്തിക്കുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധേയമാണ്. മനുഷ്യസഹജമായ ശൈലീദോഷത്തിൽനിന്നും നാക്കുപിഴവുകളിൽനിന്നും മുക്തനാണ് ഈ മറാത്തി ഡോക്ടർ എന്നല്ല വാദം. തീവ്രവാദ- ഭീകരവാദ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്ന ഒരു ആഹ്വാനവും അദ്ദേഹത്തിന്റെ പരശ്ശതം പ്രസംഗങ്ങൾ പരതിയാൽ ലഭിക്കില്ല എന്നത് ഒരു വെല്ലുവിളിയായി നിലനിൽക്കുകയാണ്.

എത്ര പെട്ടെന്നാണ് സംഘവിചാരണയും അതിനൊപ്പിച്ച ഭരണകൂട ഭീകരതയും അരങ്ങേറിയത്! ഛോട്ടാബച്ച്പൻ നേതാക്കൾ തുടങ്ങിവെച്ച കല്ലുവെച്ച നുണ പ്രചാരണം എത്തിയെത്തി പൊലീസ് നടപടിയിലേക്കും ഡോ.നായിക്ക് നടത്തിവന്ന ചാനലും മറ്റു സ്ഥാപനങ്ങളും പൂട്ടിയിടുന്നതിലേക്കുവരെ പരിണമിച്ചെങ്കിൽ ഇന്ത്യയുടെ മതേതര മനഃസാക്ഷി ഉണരേണ്ട സമയമാണിത്.

ഭീകര വേട്ടയുടെ പേരിൽ ഇസ്‌ലാമിക പ്രബോധനവും പ്രചാരണവും തടയുക എന്ന ഒളിയജണ്ട നടപ്പിലാക്കുകയാണ് സർക്കാർ ചെലവിൽ സംഘപരിവാർ ചെയ്തുകൊണ്ടിരിക്കുന്നത് എന്നത് വീണ്ടും തെളിയുകയാണ്. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് എം.എം.അക്ബർ. അനേകം മലയാളികൾ തീവ്രവാദത്തിന്റെ അപകടം മനസ്സിലാക്കിയത് എം.എം.അക്ബർ എഴുതിയ 'ഫാഷിസം വരുന്ന വഴി' എന്ന പുസ്തകത്തിലൂടെയാണ് എന്നത് വിസ്മരിച്ചുകൂടാ. വർഗീയതക്കും ഭീകരവാദത്തിനുമെതിരെ ബൗദ്ധികമായ ആക്രമണം നടത്തുന്ന ജനസ്വാധീനമുള്ള ഇസ്‌ലാമിക പ്രഭാഷകരെയും പ്രബോധകരെയും ഒരോരുത്തരെയായി ചങ്ങലക്കിടാൻ ആസൂത്രിതമായ ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. പ്രബോധകരുടെ വായ മൂടിക്കെട്ടി ഇസ്‌ലാമിന്റെ വളർച്ച തടയാനുള്ള ശ്രമം ശത്രുക്കൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല എന്നതാണ് വസ്തുത. പക്ഷേ, അതെല്ലാം വ്യാമോഹമായി മാറിയതായാണ് ചരിത്രം പറയുന്നത്.

മതം പറയുന്നവരും അനുഷ്ഠിക്കുന്നവരുമൊക്കെ ഇന്നല്ലെങ്കിൽ നാളെ ഭീകരവാദികളായി കല്ലെറിയപ്പെട്ടേക്കാം എന്ന സ്ഥിതി ഒരിക്കലും അനുവദിച്ചുകൂടാ. മതരാഷ്ട്രീയ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരും മുഴുവൻ മുസ്‌ലിം സംഘടനകളും ഒറ്റക്കെട്ടായി ഈ ഇരട്ടത്താപ്പിനെതിരെ ശക്തമായ പ്രക്ഷോഭവുമായി രംഗത്തുവരേണ്ട സമയം ആസന്നമായിരിക്കുന്നു. ജനാധിപത്യത്തിന്റെയും മതനിരപേക്ഷയുടെയും ആണിക്കല്ലുകൾ ഇളകാതെ കാത്തുസൂക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
mail@nerpatham.com

# എടുക്കാത്ത കറൻസി

ജീവിതകാലം മുഴുവൻ അധ്വാനിച്ചു നേടിയ സമ്പത്ത് എടുക്കാത്ത നാണയമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ ജനങ്ങൾ ഒന്നടങ്കം അമ്പരന്നു. ബാങ്കുകൾക്കു മുമ്പിൽ നീണ്ട വരികൾ. ചൂടും തണുപ്പും രോഗവും ക്ഷീണവും വകവെക്കാതെ മണിക്കൂറുകൾ വരിനിന്ന് കിട്ടുന്ന തുച്ഛമായ സംഖ്യകൾ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നപ്പോൾ നാം പണത്തിന്റെ വിലയറിഞ്ഞു. ഇതിന്റെ പരിഭ്രാന്തി ഇപ്പോഴും വിട്ടുമാറിയിട്ടില്ല. ഇത് നമ്മുടെ ജീവിക്കുന്ന അനുഭവമാണ്.

ഇതുതന്നെയാണ് മനുഷ്യജീവിതത്തിന്റെയും അവസ്ഥ. പ്രത്യേകിച്ചും മതവിശ്വാസികളുടെ. മതവിശ്വാസം, ആദർശനിഷ്ഠ, പ്രമാണബദ്ധത എന്നൊക്കെ പറഞ്ഞുകൊണ്ട് നാം ഒറ്റക്കും വേറിട്ടും കൂട്ടായും അധ്വാനിച്ചുകൊണ്ടിരിക്കുകയാണ്. എന്തിനുവേണ്ടിയാണ് ഈ മതപ്രവർത്തനങ്ങളെല്ലാം എന്ന് ചോദിക്കപ്പെട്ടാൽ പരലോകത്തേക്ക് വല്ലതും സമ്പാദിക്കുകയാണ് എന്നാണ് എല്ലാവർക്കും പറയാനുള്ള മറുപടി. അപ്പോൾ പരലോകത്തേക്ക് ബാക്കിവെക്കുന്ന ഈ പ്രവർത്തനങ്ങളൊക്കെ അവിടെ പ്രയോജനപ്പെടുന്ന 'അമലു'കൾ (കർമങ്ങൾ) ആയിരിക്കണം. ഇഹലോകജീവിതം സുഖദായകമാകാൻ വേണ്ടിയുള്ള എല്ലാ അധ്വാനങ്ങളുടെയും ഗുണഫലമാണ് 'ഉംല' എന്ന് അറബിഭാഷയിൽ പറയുന്ന നാണയങ്ങൾ. അവ 'എടുക്കാത്ത' നോട്ടുകളായി മാറിയപ്പോൾ നാം പരിഭ്രമിച്ചു. എങ്കിലും അവ ബാങ്കുകളിൽ നിക്ഷേപിച്ച് 'എടുക്കുന്ന' മൂല്യമുള്ള പണമായി മാറ്റാൻ സംവിധാനം ഇവിടെയുണ്ട് എന്നൊരു ആശ്വാസമുണ്ട്. എന്നാൽ ഇഹലോകത്തിൽനിന്ന് പരലോകത്തിലേക്ക് കൊണ്ടുപോകാൻ വേണ്ടി ചെയ്യുന്ന അമലുകൾ (കർമങ്ങൾ) അവിടെ എടുക്കാതെ പോയാൽ നാം എന്തു ചെയ്യും? അപ്പോൾ, നാം ചെയ്യുന്ന കർമങ്ങൾ പരലോകത്ത് അല്ലാഹു സ്വീകരിക്കുന്നതായിരിക്കണമെന്ന് നമുക്ക് നിർബന്ധ വിചാരമുണ്ടായിരിക്കണം.

ഒരുതരം വൈകാരിക തീവ്രതയുടെ കാലത്താണ് നാം ഇന്നു ജീവിക്കുന്നത്.



ഈ വൈകാരികതയിൽ നീതിയും ന്യായവും ശരിയും തെറ്റും മറന്നുപോകുന്നു മനുഷ്യർ. ഉദാഹരണത്തിന് നബിﷺയുടെ ജനമദിനാഘോഷം എടുക്കാം. അത് അനാചാരമാണെന്നും പ്രമാണവിരുദ്ധമാകയാൽ ഈ അനാചാരത്തിനു വേണ്ടി ചെലവഴിക്കുന്ന പണവും അധ്വാനവും അന്തരീക്ഷ മലിനീകരണവും പരലോകത്ത് ഉപകാരപ്പെടുകയില്ലെന്നും ആരെങ്കിലും ഉപദേശിച്ചാൽ വാശിപിടിച്ച് കൂടുതൽ അപകടകരമായ ആചാര രീതികൾ സ്വീകരിച്ച് 'എന്നാൽ കണ്ടോ' എന്ന മട്ടിലാണ് ചില സഹോദരങ്ങൾ ചെയ്യുന്നത്. കാര്യങ്ങളെ വിവേകപൂർവം കാണാനല്ല, വൈകാരികമായി സമീപിക്കാനാണ് പലർക്കും താൽപര്യം. അഹങ്കാരവും വിദ്വേഷവും അപക്വതയും എല്ലാ നന്മകളെയും തകർക്കുമെന്ന് നാം ഓർക്കണം.

നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും നമ്മുടെ കൂട്ടായ്മയും നാളേക്കു പ്രയോജനം ചെയ്യുന്ന നന്മകളാണോ എന്ന വിചാരമാണ് നമ്മെ നയിക്കേണ്ടത്. അപരനെ പരാജയപ്പെടുത്താനുള്ള വ്യഗ്രതയിൽ, അല്ലെങ്കിൽ അന്യായമായത് നേടിയെടുക്കാനുള്ള ബദ്ധപ്പാടിൽ സ്വയം രക്ഷയും അല്ലാഹുവിന്റെ തൃപ്തിയും മറന്നുപോയാൽ ഈ ജീവിതത്തിലെ കർമങ്ങളും അധ്വാനങ്ങളും നാളെ പരലോകത്ത് 'എടുക്കാത്ത കറൻസി'കളായി മാറുമെന്ന് നാം ഭയപ്പെടണം.

"ആയുസ്സ് എത്ര നീട്ടിക്കിട്ടുന്നുവോ അത്രയും കൂടുതൽ നന്മ ചെയ്യാൻ ഭാഗ്യം നൽകണമേ" എന്ന് നബിﷺ പ്രാർഥിക്കാറുണ്ടായിരുന്നു. അതായിരിക്കണം നമ്മുടെ ചിന്തയും തേട്ടവും. കുതന്ത്രവും കൗശലവും കൊണ്ട് തൽക്കാലം പിടിച്ചുനിന്നാലും നാളേക്ക് പ്രയോജനപ്പെടുന്നത് സത്യസന്ധതയും ആത്മാർഥതയും മാത്രമായിരിക്കുമെന്നോർക്കുക.



# ഏത്?

മുഫീദ് പാലക്കാഴി
mail@nerpatham.com

**ഞാ**ൻ ഇരുമ്പിലേക്കു നോക്കി,
അപ്പോൾ ഞാനതിനെ ഏറ്റവും ശക്തിയുള്ള അനുഗ്രഹമായി കണ്ടു.
പിന്നെ ഞാൻ തീയിലേക്ക് നോക്കി.
അപ്പോൾ ഞാൻ അതിനെ ഇരുമ്പിനെ ഉരുക്കുന്നതായി കണ്ടു!
അന്നേരം ഞാൻ പറഞ്ഞു:
'തീയാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
പിന്നെ ഞാൻ വെള്ളത്തിലേക്ക് നോക്കി.
അപ്പോൾ ഞാനതിനെ തീയിനെ കെടുത്തുന്നതായി കണ്ടു!
അന്നേരം ഞാൻ പറഞ്ഞു:
'വെള്ളമാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
പിന്നെ ഞാൻ മേഘത്തിലേക്ക് നോക്കി.
അപ്പോൾ ഞാനതിനെ വെള്ളത്തെ വഹിക്കുന്നതായി കണ്ടു!
അന്നേരം ഞാൻ പറഞ്ഞു:
'മേഘമാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
പിന്നെ ഞാൻ വായുവിലേക്ക് നോക്കി.
അപ്പോൾ ഞാനതിനെ മേഘത്തെ തെളിച്ചുകൊണ്ടുപോകുന്നതായി കണ്ടു!
അന്നേരം ഞാൻ പറഞ്ഞു:
'വായുവാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
പിന്നെ ഞാൻ മലയിലേക്ക് നോക്കി.
അപ്പോൾ ഞാനതിനെ വായുവിനെ തടുത്തു നിർത്തുന്നതായി കണ്ടു.
അന്നേരം ഞാൻ പറഞ്ഞു:
'മലയാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
പിന്നെ ഞാൻ മനുഷ്യനിലേക്ക് നോക്കി.
അന്നേരം ഞാനവനെ മലയുടെ ഉച്ചിയിൽ നിൽക്കുന്നതായും
മലയെ തുരക്കുന്നതായും കണ്ടു.
അന്നേരം ഞാൻ പറഞ്ഞു:
'മനുഷ്യനാണ് ഏറ്റവും വലിയ അനുഗ്രഹം.'
പിന്നെ ഞാൻ മനുഷ്യനെ നിശ്ശബ്ദനാക്കുന്നതിലേക്ക് നോക്കി.
അത് ഉറക്കമാണെന്ന് ഞാൻ കണ്ടു.
അന്നേരം ഞാൻ പറഞ്ഞു:
'ഉറക്കമാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
പിന്നെ ഞാൻ ഉറക്കം നഷ്ടപ്പെടുത്തുന്ന കാര്യത്തിലേക്ക് നോക്കി.
അത് ദുഃഖവും മനോവേദനയുമാണെന്ന് ഞാൻ കണ്ടു.
അന്നേരം ഞാൻ പറഞ്ഞു:
ദുഃഖവും മനോവേദനയുമാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
പിന്നെ ഞാൻ നോക്കിയപ്പോൾ ദുഃഖത്തിന്റെയും മനോവേദനയുടെയും
സ്ഥാനം ഹൃദയമാണെന്ന് കണ്ടു.
അന്നേരം ഞാൻ പറഞ്ഞു ഹൃദയമാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
ഹൃദയം അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകൊണ്ടല്ലാതെ
ശാന്തമാകില്ലെന്ന് ഞാൻ കണ്ടു.
അന്നേരം ഞാൻ പറഞ്ഞു:
'അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയാണ് ഏറ്റവും ശക്തിയുള്ള അനുഗ്രഹം.'
"ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ
മനസ്സുകൾ ശാന്തമായിത്തീരുന്നത്" (ക്വുർആൻ 13:28).


യാഥാർഥ്യത്തിലേക്ക് കാതോർക്കുക...
peaceradio
Tune to reality
Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 14 January 2017

Reg NO: KL/CT/225/2016-18
Price: ₹ 10/-

